
www.malankaralibrary.com

# തെക്കേച്ചരുവിൽ
# ജോഷ്വാച്ചൻ



പീറ്റർ സി. ഏബ്രഹാം
എഡിറ്റർ

www.malankaralibrary.com

## ഞങ്ങളുടെ അഭയവും ആശ്രയവും





## പൂർവ്വസൂരികളായ മഹാചാര്യന്മാർ



സഭൈക്യ ചരിത്രത്തിലെ
പ്രോജ്ജ്വലത്ത് സൂര്യൻ
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്
**ദൈവദാസൻ**
**മാർ ഈവാനിയോസ്**
(21.09.1882–15.07.1953)



[illegible]
[illegible]
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്
**ബനഡിക്ട് മാർ ഗ്രിഗോറിയോസ്**
(01.2.1916–10.10.1994)



വാത്സല്യോദാരൻ
പ്രഥമ കാതോലിക്കാ ബാവ
**സിറിൽ മാർ ബസേലിയോസ്**
(16.08.1935–18.01.2007)

www.malankaralibrary.com

# മലങ്കര കത്തോലിക്കാസഭയിലെ സാരഥ്യസ്ഥാനികരുടെ അധികാര ശ്രേണി


പരിശുദ്ധ ബനഡിക്ട് 16-ാമൻ മാർപ്പാപ്പ


ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ


തോമസ് മാർ കൂറിലോസ്
തിരുവല്ല


ഗീവറുഗീസ് മാർ ദിവന്നാസിയോസ്
ബത്തേരി


യൂഹാനോൻ മാർ ക്രിസോസ്റ്റം
മാർത്താണ്ഡം


ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മാവേലിക്കര


ഏബ്രഹാം മാർ യൂലിയോസ്
മൂവാറ്റുപുഴ


ജോസഫ് മാർ തോമസ്
ബാഹ്യഭാരതം


ജേക്കബ് മാർ ബർണ്ണബാസ്
ബാഹ്യകേരളം


ഗീവറുഗീസ് മാർ തിമോത്തിയോസ്
Emeritus

# THE SYRO-MALANKARA CATHOLIC CHURCH
# MAJOR ARCHDIOCESE OF TRIVANDRUM

Moran Mor Baselios Cleemis
Major Archbishop-Catholicos of
The Malankara Catholic Church &
Major Archbishop of Trivandrum

Thirusannidhi
Major Archbishop's House
Pattom, Trivandrum- 695 004
Kerala, India



2nd April 2008

## Message

I am pleased to know that a souvenir is being published on the occasion of the 25th death anniversary of Rev. Fr. Joshua Thekkecharuvil. It is with deep gratitude to God that we recall all the great contribution of Rev. Fr. Joshua Thekkecharuvil to the Major Archdiocese of Trivandrum and to the Malankara Catholic Church. He was a true missionary. He always rejoiced in his priesthood. The zeal with which he started his priestly ministry never dwindled. On the contrary, he could keep it burning till the last day of his life on earth. Nothing could stand on the way of his missionary commitment, not even his deteriorating health condition towards end of his life. He rendered wonderful pastoral service in a number of missions and parishes in the Major Archdiocese of Trivandrum, such as Ambilikonam, Mampara, Punalur, Thannithode, Carmala, Kummalloor etc. He had a very distinctive pastoral style, the core of which was the intimate personal relationship that he always tried to build up with his parishioners. That is one of the reasons why he is remembered even today with a lot of affection by so many of our people. He had serious interest in the proper celebration of our liturgy and he always took care to celebrate the liturgy meaningfully. I thank the Lord for having gifted us with the person and priesthood of Rev. Fr. Joshua Thakkecharuvil. I thank the Thekkecharuvil family for its contribution to the Church, especially in the person of Rev. Fr. Joshua Thekkecharuvil. May his soul enjoy his eternal reward and may his memory inspire us to rededicate ourselves to the service of the Church and the people of God.

**+ Beselios Cleemis**
Major Archbishop - Catholicos.

www.malankaralibrary.com

# പത്രാധിപവിചാരം



'പുരോഹിതൻ മറ്റൊരു ക്രിസ്തുവാണ്.' സുവിദിതമായ ഈ ലത്തീൻ പഴമൊഴിയുടെ പൊരുളു തിരയുമ്പോൾ പൗരോഹിത്യത്തിന്റെ അനന്യതയും വ്യതിരിക്തതയുമാണ് വെളിവാക്കപ്പെടുന്നത്. ക്രിസ്തുശിഷ്യന്മാരുടെ സ്ഥാനികരാണ് പുരോഹിതന്മാർ. ശിഷ്യന്മാരെ തെരഞ്ഞെടുത്തത് ക്രിസ്തുവാണ്. അതിനാൽത്തന്നെ ആ പദവി ദൈവികമാണ്. അഭൗമമായ ആധികാരികത്വത്തിന്റെ നിറവാണ്. ഭൂമിയിൽ അവർ കെട്ടുകയോ അഴിക്കുകയോ ചെയ്താൽ അതു പരലോകത്തും ബന്ധ്യവും അബന്ധ്യവുമായിരിക്കും. കേവലം ഗോതമ്പപ്പവും മുന്തിരി വീഞ്ഞും പുരോഹിതരുടെ ഉച്ചാരണ നിമിഷത്തിൽ തിരുശരീരരക്തമായി ഭാവാന്തരപ്പെടുന്നു. പാപച്ചെളിയിൽ നിന്നും ആത്മാക്കളെ കഴുകി വെടിപ്പാക്കുവാനുള്ള അധികാരവും പുരോഹിതന്മാർക്ക് നല്കപ്പെട്ടിരിക്കുന്നു. നന്മചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ച ക്രിസ്തുവിനെ മാതൃകയാക്കി നരജീവിതത്തിന് ആത്മിക - ഭൗതിക സന്തുഷ്ടി നല്കാൻ വരം ലഭിച്ചവരാണവർ.

ആത്മാവിനെപ്പറ്റിയോ നിത്യജീവിതത്തെപ്പറ്റിയോ വിവരമില്ലാത്ത കുറെ നശ്വര നിരീശ്വരശാപങ്ങൾ പൗരോഹിത്യത്തിന്റെ മഹാമഹിമയെ തമസ്ക്കരിക്കാൻ പണിപ്പെട്ടുകൊണ്ടിരിക്കയാണ്; ദൈവത്തിന്റെ സ്വന്തം നാടെന്നു ഖ്യാതിയുള്ള കേരളത്തിൽപോലും. ഈ പ്രതിലോമാവസ്ഥയിൽ 19 വർഷം മാത്രം ദീർഘിച്ച ആത്മീയ സാരഥ്യത്തെത്തുടർന്ന് ലോകത്തോട് വിടപറഞ്ഞ ഒരു പുരോഹിതന്റെ സേവനം സ്മരണീയമാകുന്നത് സമുചിതവും അനുഗ്രഹീതവുമാണ്. ബഹു. ജോഷ്വാ തെക്കേച്ചരുവിലച്ചന്റെ ദീപ്തമായ ഓർമ്മകൾക്കു മുൻപിൽ ഞാനും തലവണങ്ങുന്നു. ഈ സ്മൃതിഗ്രന്ഥം ചിട്ടപ്പെടുത്തുവാനുള്ള നിയോഗം ഭാഗ്യോദർക്കമായും ഞാൻ കരുതുന്നു.

ഗ്രന്ഥരചനയേക്കാൾ ദുഷ്കരമാണ് എഡിറ്റിംഗ് ജോലി എന്നാണെന്റെ അനുഭവപാഠം. എന്നാൽ ലേഖനങ്ങളും പടങ്ങളും ശ്രീ. രാജൻ ജോസഫ് തെക്കേച്ചരുവിൽ സോത്സാഹത്തോടെ ശേഖരിച്ചതിനാൽ മുൻകാല ദുഷ്കരാനുഭവത്തിന്റെ ആവർത്തനമുണ്ടായില്ല. കുടുംബത്തിലും സഭയിലും സമൂഹത്തിലും വ്യക്തിബന്ധങ്ങളുടെ ഇഴയടുപ്പത്തിനായി തെക്കേച്ചരുവിൽ കുടുംബാംഗങ്ങൾ കാട്ടുന്ന ഹൃദ്യമായ പെരുമാറ്റശൈലി മാതൃകാപൂർണ്ണമാണെന്ന് ഞാനനുഭവിച്ചറിയുന്നു. ബഹു. ജോഷ്വാച്ചനെ കണ്ടിട്ടുപോലുമില്ലാത്ത മൂന്നാം തലമുറയിലെ കുഞ്ഞുങ്ങൾപോലും എത്ര ആവേശത്തോടെയാണ് അവരുടെ അച്ചനപ്പച്ചനെപ്പറ്റി വാചാലരാകുന്നതെന്ന് ഇതിനുള്ളിലെ ലേഖനങ്ങൾ തെളിയിക്കുന്നു. മുൻഗാമികളായ അദ്ധ്യാത്മസൂരികളെ സ്മരിച്ച് ഐശ്വര്യവും അനുഗ്രഹവും നേടുവാനുള്ള പ്രേരണ കൂടിയാണ് ഈ കുടുംബം, ത്യാഗപൂർവ്വമായ ഈ അനുസ്മരണാനുഷ്ഠാനങ്ങൾ വഴി സമൂഹത്തിനു നല്കുന്നത്.

ലിഖിതങ്ങളിലൂടെ ഈ സ്മൃതിഗ്രന്ഥത്തിന് ഭാവചൈതന്യം പകർന്ന അഭിവന്ദ്യപിതാക്കന്മാർ, വന്ദ്യവൈദികർ, സന്യാസിനികൾ, ചാർച്ചക്കാർ, മിത്രങ്ങൾ തുടങ്ങിയവരെ നന്ദിയോടെ ഓർക്കുന്നു. അച്ചടിയെ കേവലം സാങ്കേതികജഢികതയിൽ നിന്നും കലാസുഭഗതയുടെ ഓജസ്സിലേക്ക് ഭാവാന്തരപ്പെടുത്തി ഈ ഗ്രന്ഥത്തെയും ചേതോഹരമാക്കിയ മല്ലപ്പള്ളി ഗ്രാഫിക് സിസ്റ്റംസ് & കമ്പനിക്കും കൃതജ്ഞത.

സ്നേഹപുരസ്സരം

**പീറ്റർ സി. ഏബ്രഹാം** (എഡിറ്റർ)



**T.J.Varghese Theckecharuvil & Family**



**T.J. Joseph Theckecharuvil & Family**



**T.J. Thomas Theckecharuvil & Family**

www.malankaralibrary.com



Kunjamma , Samuel & Family, Kayyalackal



Maruthickal Yohannan & Family



Fr. Joshua with brothers & Sisters

## ഉയരങ്ങളിലെ കുരിശ്
## ദേശത്തിനനുഗ്രഹം

















ബഹുമാനപ്പെട്ട ജോഷ്വാച്ചന്റെ സ്മാരകമായി
തെക്കേച്ചരുവിൽ കുടുംബം പണികഴിപ്പിച്ച്
കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ
ദേവാലയത്തിനു സമർപ്പിക്കുന്ന കുരിശ്ശടിയുടെ
മുകളിലേക്ക് കുരിശ് ആശീർവ്വദിച്ചുയർത്തുന്നു

www.malankaralibrary.com

## തെക്കേച്ചരുവിൽ കുടുംബത്തിൽ നിന്നുള്ള ദൈവവിളി



ഫാദർ തോമസ് സജീവ് OIC



സിസ്റ്റർ ആനന്ദ് SIC

## കുരിശ്ശടി നിർമ്മാണ സമിതി കൺവീനേഴ്സ്




രാജൻ ജോസഫ് തെക്കേച്ചരുവിൽ



ജോയി തെക്കേച്ചരുവിൽ



അലക്സാണ്ടർ മരുതിക്കൽ



# അകപ്പൊരുൾ

പ്രേഷിതവര്യനായ തെക്കേച്ചരുവിൽ ജോഷ്വാച്ചൻ.......10
വാഴ്‌വായ്ത്തീരട്ടെ.......15
തെക്കേച്ചരുവിൽ കുടുംബചരിത്രസംഗ്രഹം.......16
സ്മരണയിലുണരുന്ന ജോഷ്വാച്ചൻ.......22
സമ്പൂർണ്ണ സമർപ്പണം.......27
അച്ചനപ്പാപ്പൻ.......29
വാടാമലർ.......31
സ്മരണാഞ്ജലി.......32
സ്വർഗ്ഗത്തിലെ 25-ാം പിറന്നാൾ.......35
കഥ പറയുന്ന ഓർമ്മകൾ.......38
ഒരു തിരിഞ്ഞുനോട്ടം.......41
പ്രകാശമേ നയിച്ചാലും.......49
ഞങ്ങൾ കണ്ടിട്ടില്ലാത്ത ഞങ്ങളുടെ അച്ചനപ്പച്ചൻ.......52
The Heavenly Aster.......54
ഒരു നോക്കു കാണാനായെങ്കിൽ... .......55
താണ നിലത്തേ നീരോടൂ,,, അവിടേ ദൈവം തുണയേകൂ.......57
പുഞ്ചിരിക്കുന്ന മുഖം.......59

www.malankaralibrary.com

# പ്രേഷിതവര്യനായ ജോഷ്വാ തെക്കേച്ചരുവിലച്ചൻ



**ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനമെത്രാപ്പോലീത്ത
കെ.സി. ബി.സി. ഉപാദ്ധ്യക്ഷൻ

ആദരണീയനായ ജോഷ്വാ തെക്കേച്ചരുവിലച്ചൻ 12 ജൂൺ 1934-ൽ ശ്രീ ജോസഫിന്റെയും ശ്രീമതി മറിയാമ്മ യുടെയും മകനായി കുമ്പഴയിൽ ജനിച്ചു. ദൈവഭക്തരും മാതൃകാ കത്തോലിക്കാ കുടുംബജീവിതം നയിച്ചവരു മായ പ്രിയ മാതാപിതാക്കളുടെ ആറു മക്കളിൽ ഏറ്റവും ഇളയവനായിരുന്നു ബഹുമാനപ്പെട്ട അച്ചൻ. മലങ്കരയുടെ വത്സല താതനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വാത്സല്യവും പരിലാളനയും ആവോളം ഏറ്റു വാങ്ങിയ ഒരു ജീവിതത്തിനുടമയായിരുന്നു ബഹുമാന പ്പെട്ട അച്ചൻ. തീക്ഷ്ണതയുള്ള പുനരൈക്യ പ്രേഷിത വര്യനായി സഭാശുശ്രൂഷ നിർവ്വഹിക്കാൻ ജോഷ്വാച്ചന് പ്രചോദനവും കരുത്തും ലഭിച്ചത് അഭിവന്ദ്യ പിതാവിൽ നിന്നാണ്. കുട്ടിക്കാലം മുതൽ സഭാത്മകവും ആരാധന ക്രമപരവുമായ പരിശീലനം ലഭിച്ച ബഹുമാനപ്പെട്ട അച്ചൻ തന്റെ സെമിനാരി പരിശീലനം പൂർത്തിയാക്കി യത് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നാണ്. 19 മാർച്ച് 1964-ൽ അഭിവന്ദ്യ സഖറിയാസ് മാർ അത്ത



നാസിയോസ് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ച് ബഹുമാ നപ്പെട്ട അച്ചൻ കർമ്മവീഥിയിലേക്കിറങ്ങി.

അതിഭദ്രാസനത്തിന്റെ വിവിധ ഇടവകകളിൽ ജോഷ്വാച്ചൻ സേവനമനുഷ്ഠിച്ചു. ബഹുമാനപ്പെട്ട ജോർജ് കുറ്റിയിൽ അച്ചന്റെ സഹവികാരിയായി കാർമ്മല, അട്ടച്ചാക്കൽ, മുളന്തറ എന്നീ ഇടവകകളിൽ അജപാലന ശുശ്രൂഷ ആരംഭിച്ചു. പല ഇടവകകളുടെയും ശൈശവാവസ്ഥയിൽ ക്ലേശങ്ങൾ സഹിച്ച് വളർത്തി വലുതാക്കാൻ അച്ചൻ നേതൃത്വം നല്കി. തണ്ണി ത്തോട് ഇടവകയിൽ താമസിച്ചുകൊണ്ട് ഇടവക ശുശ്രൂഷ നിർവ്വഹിച്ച ആദ്യത്തെ വികാരിയച്ചനായിരുന്നു ജോഷ്വാച്ചൻ. സമീപ ഇടവകകളായ തേക്കുതോട്, മണ്ണീറ എന്നിവിടങ്ങ ളിലും അച്ചൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. അമ്പി ളികോണം, ആദിച്ചവിളാകം, ഉച്ചക്കട എന്നീ ഇടവകകളിൽ പ്രവർത്തിച്ച് മലങ്കര സഭയുടെ തെക്കൻ മിഷനുവേണ്ടി അഭി നന്ദനാർഹമായ ഇടയശുശ്രൂഷ അച്ചൻ നിർവ്വഹിച്ചു. സ്തുത്യർഹമായ അജപാലന ശുശ്രൂഷയ്ക്കുള്ള അംഗീകാ രമായി പുനലൂർ ജില്ലാവികാരിയായി ബഹുമാനപ്പെട്ട അച്ചൻ നിയമിതനായി. സവിശേഷമായ ജില്ലാ നേതൃത്വത്തോടൊപ്പം ആര്യങ്കാവ്, ഇടമൺ, എലിക്കാട്ടൂർ, കരവാളൂർ, കറവൂർ തുട ങ്ങിയ വ്യത്യസ്തങ്ങളായ ഇടവകകളിൽ അച്ചൻ സേവനമനു ഷ്ഠിച്ചു. തുടർന്ന് പെരുനാട്, കൊച്ചുകുളം എന്നീ ഇടവകക ളിലും സേവനം അനുഷ്ഠിച്ചു. മലയോരപ്രദേശങ്ങളുടെ സമ ഗ്രമായ വികസനത്തിനുവേണ്ടി അച്ചൻ പ്രത്യേക ശ്രദ്ധ നല്കി യിരുന്നു. കുമ്മല്ലൂർ, ചെങ്കുളം, കൊട്ടറ, മരുതമൺ പള്ളി എന്നീ ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിച്ച തോടൊപ്പം സഹോദരീ സഭകളോട് ക്രിയാത്മ കമായ സഭൈക്യബന്ധം അച്ചൻ സൂക്ഷിച്ചു. വ്യത്യസ്തങ്ങളായ ജനവിഭാഗങ്ങളെ ക്രിസ്തുവിന്റെ സ്നേഹസാഹോദര്യത്തി ലേക്ക് ആകർഷിക്കാൻ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. താൻ ശുശ്രൂഷ ചെയ്യുന്ന ഇടവകകളോട് ചേർന്നു നില്ക്കുന്ന വിവിധ സമുദായ-സമൂഹങ്ങളെ സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഒത്തൊരുമയോടെ ബന്ധപ്പെടുത്താനും ഒരുമിച്ച് പ്രവർത്തി പ്പിക്കാനും അച്ചൻ ശ്രദ്ധേയമായ നേതൃത്വം നല്കി.



www.malankaralibrary.com



പ്രേഷിത വഴിയിലെ തീക്ഷ്ണതയുള്ള ഇടയനായിരുന്നു ജോഷ്വാച്ചൻ. അനുസ്യൂതമായ ഊർജ്ജസ്വലതയോടെ, സുവിശേഷ ചൈതന്യം നല്കുന്ന കരുത്തുമായി ഇടയശുശ്രൂഷ നിർവ്വഹിച്ച ശ്രേഷ്ഠനായ മിഷനറിയായിരുന്നു ജോഷ്വാച്ചൻ. ഇടവക സമൂഹത്തോടും പുറത്തുള്ള പരിത്യക്തരോടും രോഗികളോടും അച്ചന് പ്രത്യേകമായ അടുപ്പമുണ്ടായിരുന്നു. ക്രമമായി അവരെ സന്ദർശിക്കുകയും സന്തോഷത്തോടെ ജീവിതയാത്രയുടെ കുരിശേറ്റെടുക്കുവാൻ അവരെ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. അവരുടെ ഏകാന്തതയും ഒറ്റപ്പെടലുകളും സഹനത്തിന്റെ തീവ്രതയും ആർദ്രതയോടെ മനസ്സിലാക്കിയിരുന്ന, കർത്താവിന്റെ സൗഖ്യദായകമായ മുറിവുണക്കൽ ശുശ്രൂഷ നിർവ്വഹിച്ച സൗഖ്യദായകനായിരുന്നു അച്ചൻ. വ്യത്യസ്തങ്ങളായ കാരണങ്ങളാൽ ഇടവക സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്ന് നിന്നവരെയും അകറ്റപ്പെട്ടവരെയും അച്ചൻ പ്രത്യേക ശ്രദ്ധ നല്കി ഇടവകയുടെ മുഖ്യധാരയിലേക്ക് എത്തിച്ചിരുന്നു.

മലങ്കര ആരാധനക്രമ പരികർമ്മത്തിന് സവിശേഷമായ ശ്രദ്ധയും പരിഗണനയും അച്ചൻ നല്കിയിരുന്നു. ആരാധനാ ഭാഷയായ സുറിയാനി ആഴത്തിൽ പഠിച്ചും ആരാധനാ ഗീതങ്ങൾ ഇമ്പകരമായി ആലപിച്ചും ആരാധനാധിഷ്ഠിതമായ ഒരു ജീവിതക്രമം അച്ചൻ വളർത്തിയിരുന്നു. ആരാധനാസമൂഹത്തിന് മാതൃകാപരമായ നേതൃത്വം നല്കി സഭയുടെ ജീവസ്സുറ്റ സാക്ഷ്യജീവിതം അച്ചൻ നയിച്ചു. ഭക്തിയോടും ഇമ്പകരമായും വിശുദ്ധ കൂർബ്ബാന അർപ്പിക്കുന്ന ജോഷ്വാച്ചനെ ഇന്നും അദ്ദേഹം ശുശ്രൂഷിച്ച ഇടവകകൾ നന്ദിയോടെ ഓർക്കുന്നു.

21 മെയ് 1983-ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെടുന്നതുവരെ കർത്താവിന്റെ മുന്തിരിത്തോപ്പിലെ ഉണർവ്വുള്ള വേലക്കാരനായിരുന്നു ബഹുമാനപ്പെട്ട ജോഷ്വാച്ചൻ. മലങ്കര സഭയുടെ വിവിധ പ്രേഷിതമേഖലകളിൽ ധീരതയോടും ആത്മസമർപ്പണത്തോടും ശുശ്രൂഷ നിർവ്വഹിച്ച പാവനാത്മാവിന് നിത്യവിശ്രമവും നിത്യശാന്തിയും നേരുന്നു. ■





**വറുഗീസ് ജോസഫ് & മറിയാമ്മ ജോസഫ്**
(ജോഷ്വാച്ചന്റെ മാതാപിതാക്കൾ)



**ഫാ. ഫീലിപ്പോസ് മേടയിൽ**
(ജോഷ്വാച്ചന്റെ മാർഗ്ഗദർശി)

www.malankaralibrary.com

## തെക്കേച്ചരുവിൽ കുടുംബത്തിലെ മൺമറഞ്ഞവർ



**എസ്തേർ ജോസഫ്**
ജോസഫ് തെക്കേച്ചരുവിലിന്റെ ഭാര്യ



**കെ. എസ്. പുന്നൂസ്**
കയ്യാലയ്ക്കൽ



**മാത്തൻ ശമുവേൽ** **കുഞ്ഞമ്മ ശമുവേൽ**
കയ്യാലയ്ക്കൽ



**യോഹന്നാൻ മരുതിക്കൽ**





## വാഴ്‌വായ്ത്തീരട്ടെ

“സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദം എത്ര മനോഹരം; അത് മലമുകളിൽ പ്രകാശിക്കുന്നു”. എന്നുള്ള പ്രവാചകശബ്ദം ഒരിക്കൽകൂടി നിവൃത്തിയാക്കപ്പെടുകയാണ്. മലങ്കര കത്തോലിക്കാസഭയുടെ ആരംഭഘട്ടത്തിൽ തന്നെ പുനരൈക്യപ്പെടുകയും പുനരൈക്യത്തിന്റെ ശക്തിക്ക് തന്റെ ജീവിതം പൗരോഹിത്യത്തിലൂടെ സമർപ്പിക്കുകയും ചെയ്ത ജോഷ്വാ തെക്കേച്ചരുവിലച്ചന്റെ ചരമരജത ജൂബിലിയുടെ ഭാഗമായി ആശീർവ്വദിക്കപ്പെടുന്ന ഈ കുരിശ്ശടി മലമുകളിലെ പ്രവാചക ശബ്ദത്തിന്റെ പ്രതിധ്വനിയായി എന്നും നിലകൊള്ളട്ടെ. മലങ്കര സഭയുടെ ബാലാരിഷ്ടതകളിൽ അതിനെ വളർത്തിയെടുക്കാൻ ബദ്ധപ്പെട്ട ആ പൗരോഹിത്യ ശുശ്രൂഷയെ നമ്മുടെ ഇടവകയുടെ അമൂല്യ സമ്പത്തായി ധന്യതയോടെ നമുക്കു സ്മരിക്കാം. ഓരോ കുർബ്ബാനയിലും നാം പ്രാർത്ഥിക്കുന്നതുപോലെ, നമ്മുടെ പിതാക്കന്മാരെ അവരുടെ ഓർമ്മയിലൂടെയും ജീവിത മാതൃകയിലൂടെയും അനുഗമിച്ച് നമുക്ക് ദൈവസുതന്മാരാകാം.

ഈ കുരിശ്ശടി പണികഴിപ്പിച്ചു തന്ന തെക്കേച്ചരുവിൽ കുടുംബാംഗങ്ങൾക്കും ഇത് കൂദാശ ചെയ്തു തന്ന മോറോൻ മോർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവായ്ക്കും മറ്റെല്ലാ പിതാക്കന്മാർക്കും വൈദികർക്കും സന്യസ്തർക്കും ഇടവകജനങ്ങൾക്കും നല്ലവരായ നാട്ടുകാർക്കും നന്ദി നിറഞ്ഞ ഹൃദയത്തോടെ പ്രാർത്ഥനകൾ നേരുന്നു.

എന്ന്

വികാരി
**ഫാ. ജോസ് കുരുവിള പീടികയിൽ**
ഒ. ഐ. സി.

www.malankaralibrary.com



# തെക്കേച്ചരുവിൽ കുടുംബചരിത്രസംഗ്രഹം

**രാജൻ ജോസഫ് തെക്കേച്ചെരുവിൽ**

ഞങ്ങളുടെ അച്ചനപ്പാപ്പൻ, റവ. ഫാ. ജോഷ്വാ തെക്കേച്ചരുവിലിന്റെ ദേഹവിയോഗ സിൽവർ ജൂബിലി ആചരിക്കുന്ന ഈ സമയത്ത് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്ന കാര്യം ചിന്തിച്ചു. ഇപ്പോൾ ജീവിച്ചിരിക്കുന്ന 35 വയസ്സിൽ താഴെയുള്ള ആരുടെയും സ്മരണയിൽ അച്ചനപ്പാപ്പൻ ഇല്ല. അച്ചനപ്പാപ്പന്റെ കൂടെ പട്ടം കിട്ടിയ 6 പേരിൽ ഇന്ന് ജീവിച്ചിരിക്കുന്നത് വന്ദ്യ കോർഎപ്പിസ്ക്കോപ്പാ ജോഷ്വാ പീടികയിലച്ചനും വന്ദ്യ മാത്യു വാഴപ്പിള്ളേത്ത് റമ്പാച്ചനും മാത്രമാണ്. സ്മരണികയിൽ തെക്കേച്ചരുവിൽ കുടുംബത്തിന്റെ ചരിത്രവും ഉണ്ടാവണമെന്ന് പലരും നിർദ്ദേശിച്ചതിനാൽ കുടുംബചരിത്രപരമായി കേട്ടറിവുള്ള ഏതാനും വസ്തുതകൾ മാത്രം കുറിക്കുകയാണ്.

കുടുംബയോഗങ്ങളോ മറ്റോ നടക്കാത്തതിനാൽ അതിനെക്കുറിച്ച് ആർക്കും കൂടുതലൊന്നും പറയാനില്ല. പ്രത്യേകിച്ചും ഞങ്ങളുടെ പൂർവ്വികർ കൃഷിയെ ആശ്രയിച്ച് ജീവിച്ചിരുന്നതിനാൽ ജീവിതഭാരത്തിനിടയിൽ ഒന്നും തന്നെ കുറിച്ച് വച്ചിട്ടുമില്ല. എന്നിരുന്നാൽ തന്നെയും അപ്പച്ചൻമാരും അമ്മമാരും ബന്ധുക്കളും പറഞ്ഞറിഞ്ഞിട്ടുള്ള കാര്യങ്ങൾ വച്ച് എഴുതാൻ ശ്രമിക്കുകയാണ്.

ഞങ്ങളുടെ വല്യപ്പച്ചന്റെ (മാലേത്ത് ജോസഫ് ജോസഫ്) അപ്പച്ചൻ ഗീവർഗ്ഗീസ് മാലേത്തും ഇളയ മൂന്നു സഹോദരങ്ങളും ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ ആറാട്ടുപുഴയിലും പെരളശ്ശേരിയിലും മാലക്കരയിലുമായി താമസിച്ചിരുന്നു. കൃഷിയായിരുന്നു എല്ലാവരുടെയും ഉപജീവനമാർഗ്ഗം. പമ്പയാറ്റിൽ മത്സ്യബന്ധനവും പതിവായിരുന്നു. ഈ നാലുപേരിൽ വല്യകുഞ്ഞ് മാലേത്ത് (ജോസഫ്) നല്ല വാഗ്മിയും സഭാകാര്യങ്ങളിൽ മുൻകൈയെടുത്ത് പ്രവർത്തിച്ചിരുന്ന ആളുമായിരുന്നു. എല്ലാവരും ഓർത്തഡോക്സ് സഭയിൽ അടിയുറച്ച് വിശ്വസിച്ചിരുന്നു. ആറാട്ടുപുഴയിലും പെരളശ്ശേരിയിലും തങ്ങളുടെ കുടുംബത്തിന് കൃഷിക്കാവശ്യമായ സ്ഥലം കുറവായതിനാൽ വല്യപ്പച്ചൻ (ഗീവർഗീസ് മാലേത്ത്) തന്റെ സഹധർമ്മിണി, കുമ്പനാട് ചുണ്ടമണ്ണിൽ അച്ചാമ്മയും 8 മക്കളുമായി യാത്ര തിരിച്ച് പത്തനംതിട്ടയിൽ എത്തി. അവിടെ നിന്ന് രണ്ട് കിലോമീറ്റർ തെക്ക് കിഴക്കായി അച്ചൻകോവിലാറ്റിന്റെ തീരത്ത് കരിപ്പേരിമണ്ണിൽ പുരയിടം വാങ്ങി അവിടെ താമസമാക്കി.



ഈ എട്ട് മക്കളിൽ ഏറ്റവും മൂത്തയാൾ ഞങ്ങളുടെ വല്യപ്പച്ചൻ ആയിരുന്നു. കരിപ്പേരിമണ്ണിലെ താമസത്തിനിടയിൽ ഞങ്ങളുടെ വല്യപ്പച്ചൻ വിവാഹം കഴിച്ചു. മരുതൂർ വീട്ടിൽ മറിയാമ്മ ആയിരുന്നു ഞങ്ങളുടെ വല്യമ്മച്ചി. വല്യമ്മച്ചിക്ക് രണ്ട് സഹോദരന്മാർ ഉണ്ടായിരുന്നു. ഗീവർഗീസ് മരുതൂരും, തോമസ് മരുതൂരും. (തോമസ് മരുതൂരിന്റെ പത്ത് മക്കളിൽ ഒരാളായിരുന്നു ദിവംഗതനായ റവ. ഫാ. തോമസ് മരുതൂർ). പിന്നീട് വല്യപ്പച്ചന്റെ അനുജന്മാരുടെ കല്യാണവും മക്കളുടെ ജനനവും കൂടിയായപ്പോൾ കരിപ്പേരിമണ്ണിൽ പുരയിടം കൃഷിക്കും താമസത്തിനുമായി മതിയാകാതെ വന്നു. ആ സമയം വീണ്ടും 12 കിലോമീറ്റർ കൂടെ കിഴക്കോട്ട് പോയി ചെങ്ങറ എന്ന സ്ഥലത്ത് 56 ഏക്കർ സ്ഥലം വാങ്ങി. ആ സമയത്ത് ചെങ്ങറയും പരിസരപ്രദേശങ്ങളും ആന, കടുവ തുടങ്ങിയ ഹിംസ്രജന്തുക്കൾ നിറഞ്ഞ സ്ഥലമായതിനാൽ വല്യമ്മച്ചിയെയും വല്യപ്പച്ചനെയും ചെങ്ങറയിലേക്ക് വിടാൻ വല്യമ്മച്ചിയുടെ അപ്പച്ചൻ



www.malankaralibrary.com

(മരുതൂരെ അപ്പച്ചൻ) സമ്മതിച്ചില്ല. അങ്ങനെ അമ്മച്ചിയുടെ സഹോദരന്മാർക്ക് ഉള്ളതുപോലെ ഒരു വീതം കൊടുത്ത് കുമ്പഴയിൽ തന്നെ താമസിപ്പിച്ചു.

എന്നാൽ വല്യപ്പച്ചനും മറ്റ് ഏഴ് മക്കളും ചെങ്ങറയിൽ താമസമാക്കി. വന്യമൃഗങ്ങളുടെ ശല്യം മൂലവും വസ്തു താമസയോഗ്യമല്ലാത്തിനാലും എല്ലാവരും ചെങ്ങറയിലെ സ്ഥലം വിറ്റു. അവർ പിന്നെ വടക്കുപുറത്ത് ഇരുളുവെട്ടാംകുഴി എന്ന സ്ഥലത്ത് താമസമാക്കി. ഈ സമയത്ത് വല്യപ്പച്ചൻ (ഗീവർഗ്ഗീസ് മാലേത്ത്) അന്തരിച്ചു.

അത് കഴിഞ്ഞ് ഏറ്റവും അടുത്ത സമയത്താണ് ദൈവദാസൻ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി മലങ്കര കത്തോലിക്കാ സഭ സ്ഥാപിച്ച് മാതൃസഭയായ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടത്. പുനരൈക്യത്തിന് തൊട്ടുപിന്നാലെ തന്നെ ജോസഫ് മാലേത്തും കുടുംബാംഗങ്ങളും മരുതൂർ കുടുംബത്തോടൊപ്പം പുനരൈക്യപ്പെട്ടു. അന്ന് ഞങ്ങളുടെ വല്യപ്പച്ചന് 4 ആൺമക്കളും 2 പെൺമക്കളുമായി 6 മക്കൾ ഉണ്ട്. അതിൽ ഏറ്റവും ഇളയ ആളാണ് റവ. ഫാ. ജോഷ്വാ തെക്കേച്ചരുവിൽ.

1) മൂത്തമകൾ കുഞ്ഞമ്മ (മറിയാമ്മ), കയ്യാലയ്ക്കൽ ശ്രീ. സാമുവലിന്റെ ഭാര്യ. 4 ആൺമക്കൾ, 4 പെൺമക്കൾ.

2) വർഗ്ഗീസ് മാലേത്ത് (കുഞ്ഞപ്പി). ഭാര്യ - കുഞ്ഞമ്മ കയ്യാലയ്ക്കൽ

ആൺമക്കൾ - 4 പെൺമക്കൾ - 3 പെൺമക്കളിൽ ഒരാളാണ് റവ. സി. ആനന്ദ് എസ്.ഐ. സി.

3) ജോസഫ് മാലേത്ത് (തങ്കച്ചൻ) ഭാര്യ- എസ്തേർ കുളങ്ങര

ആൺമക്കൾ - 5, പെൺമക്കൾ - 1

ആൺ മക്കളിൽ രണ്ടാമനാണ് റവ. ഫാ. തോമസ് സജീവ് ഒ. ഐ. സി.

4) ഏലിയാമ്മ (പൊടിയമ്മ), കളീക്കൽ ശ്രീ. യോഹന്നാൻ കല്യാണം കഴിച്ചു.

ആൺമക്കൾ -1 പെൺമക്കൾ - 3

പെൺമക്കളിൽ രണ്ടാമത്തെ ആൾ ജർമ്മനിയിൽ ആണ്. അപ്പുക്കുട്ടൻ വടക്കേക്കൂറ്റ് കല്യാണം കഴിച്ചു. ഈ അപ്പുക്കുട്ടന്റെ പറമ്പിലാണ് ഇപ്പോൾ കുരിശ്ശടി പണിതിരിക്കുന്നത്.



5) തോമസ് തെക്കേച്ചരുവിൽ (കൊച്ചുണ്ണൂണ്ണി). ഭാര്യ- ഏലിയാമ്മ അഞ്ചുമുറിയിൽ

ആൺമക്കൾ - 4, പെൺമക്കൾ - 2

6) റവ. ഫാ. ജോഷ്വാ തെക്കേച്ചരുവിൽ

ഈ 6 മക്കളിൽ ഏറ്റവും സുന്ദരനും യോഗ്യനും എല്ലാംകൊണ്ടും തികഞ്ഞവനും അച്ചനപ്പാപ്പൻ ആയിരുന്നു. ഞങ്ങളുടെ വല്യപ്പച്ചൻ വലിയ ദാനശീലൻ ആയിരുന്നതുകൊണ്ട് ഉള്ളതിൽ ഏറ്റവും നല്ലതിനെ ദൈവത്തിനു കൊടുത്തു.

പുനരൈക്യപ്രസ്ഥാനത്തെ കുറിച്ച് വളരെ മോശമായി സംസാരിക്കുകയും ചീത്ത പറയുകയും ചെയ്തിട്ടുള്ള ആളായിരുന്നു മാലേത്ത് വല്യകുഞ്ഞ് (വല്യപ്പച്ചന്റെ ഉപ്പാപ്പൻ). അത് ഈവാനിയോസ് തിരുമേനിയുടെ ചെവികളിൽ പോലും എത്തിയിരുന്നു. പിന്നീട് അന്ത്യകാലത്ത് അദ്ദേഹം പശ്ചാത്തപിച്ച് മാർ ഈവാനിയോസ് പിതാവിന്റെ കാല്ക്കൽ വീണു മാപ്പ് യാചിച്ചു, പുനരൈക്യപ്പെട്ടു. സ്വന്തം ചെലവിൽ പെരളശ്ശേരിയിൽ ഒരു പള്ളി പണിതു നല്കുകയും ചെയ്തു.

അച്ചനപ്പാപ്പനെ സെമിനാരിയിൽ ചേർക്കാൻ പോയത് വല്യപ്പച്ചനും മരുതൂരെ തോമസച്ചനും കൂടിയായിരുന്നു. അച്ചനപ്പാപ്പനെ കണ്ടപ്പോൾ തന്നെ തിരുമേനിക്ക് വളരെ ഇഷ്ടപ്പെട്ടു. എന്നാൽ പേരും അഡ്രസ്സും ചോദിച്ചപ്പോൾ മാലേത്തേത് ആണന്ന് അറിഞ്ഞപ്പോൾ അഭിവന്ദ്യ പിതാവ് പറഞ്ഞു. " മാലേത്തെ സന്തതികളെ പട്ടത്തിന് വേണ്ടായെന്ന്" (അത്രമാത്രം മാലേത്ത് വല്യകുഞ്ഞ് കത്തോലിക്കാസഭയെ ദുഷിച്ചിരുന്നു.) ഉടൻ തന്നെ മരുതൂരെ അപ്പച്ചൻ കയറിപ്പറഞ്ഞു "പിതാവേ ഇത് എന്റെ സഹോദരിയുടെ മകനാണ്. ഞങ്ങളുടെ വീടിന്റെ തെക്കേവശത്താണ് താമസിക്കുന്നത്. 'തെക്കേചരുവിൽ' എന്നാണ് വീട്ടുപേര്". അത് കേട്ടതും പിതാവ് വളരെ സന്തോഷപൂർവ്വം അച്ചനപ്പാപ്പനെ സെമിനാരിയിലേക്ക് സ്വീകരിക്കുകയും ചെയ്തു. അങ്ങനെയാണ് തെക്കേച്ചരുവിൽ എന്ന വീട്ടുപേര് ഉണ്ടായത്.



www.malankaralibrary.com



ഞങ്ങൾക്ക് ഓർമ്മയുള്ള കാലത്തും കുടുംബം വളരെ പ്രയാസത്തിൽ ആണ് കഴിഞ്ഞുകൂടിയിരുന്നത്. ഞങ്ങൾ 19 കൊച്ചുമക്കളുണ്ട്. ഞങ്ങളുടെ 4 അപ്പന്മാരിൽ മക്കളെ ഏറ്റവും കൂടുതൽ സ്നേഹിച്ചിട്ടുള്ളതും കരുതിയിട്ടുള്ളതും ഞങ്ങളുടെ അച്ചനപ്പാപ്പനായിരുന്നു. ഞങ്ങളുടെ കുടുംബത്തിനുവേണ്ടി സമരം ചെയ്യാനാണ് അച്ചനപ്പാപ്പൻ നേരത്തെ സ്വർഗ്ഗത്തിൽ പോയതെന്ന് ഞങ്ങൾ പറയാറുണ്ട്. അച്ചനപ്പാപ്പന് നിത്യശാന്തി നേർന്നുകൊണ്ട്, കുടുംബത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഇന്നലെകളിലേക്കുള്ള ഈ തിരിഞ്ഞുനോട്ടത്തിന് വിരാമമിടുന്നു. ■



ജോഷാച്ചന്റെ ഏറ്റവും ഒടുവിലത്തെ ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയിൽ കുരിശിന്റെ കബറടക്കം നടത്തുന്നു.



## പട്ടംകൊട ശുശ്രൂഷയിൽ നിന്ന്





ഫാ. തോമസ് മരുതൂർ, വന്ദ്യ ചേപ്പാട്ട് ഫിലിപ്പോസ് റമ്പാച്ചൻ, ഫാ. ജോഷ്വാ തെക്കേച്ചരുവിൽ ഫാ. ഫിലിപ്പോസ് മേടയിൽ



പട്ടം കൊട ശുശ്രൂഷയിൽ സംബന്ധിച്ച ബന്ധുക്കൾക്കൊപ്പം





പ്രഥമ ദിവ്യബലിയർപ്പണം

www.malankaralibrary.com





# സ്മരണയിലുണരുന്ന ജോഷ്വാച്ചൻ

**റമ്പാൻ മാത്യു വാഴപ്പിള്ളേത്ത് &**
**കോർ എപ്പിസ്ക്കോപ്പാ ജോഷ്വാ പീടികയിൽ**

പത്തൊൻപതുവർഷത്തെ ധന്യമായ പൗരോഹിത്യ ശുശ്രൂഷ മലങ്കര സഭാ മക്കൾക്ക് സമർപ്പിച്ച്, ശ്രേഷ്ഠ പുരോഹിതനായ ബഹു. ജോഷ്വാ തെക്കേച്ചരുവിലച്ചൻ നമ്മെ വേർപിരിഞ്ഞിട്ട് 25 വർഷം പൂർത്തിയാകുന്നു. ആ പാവനാത്മാവിന്റെ സ്മരണ ശ്രേഷ്ഠമാക്കാൻ വേണ്ടി പ്രസിദ്ധീകരിക്കുന്ന സ്മരണികയിൽ ബ. അച്ചന്റെ ബാച്ചിൽ അവശേഷിക്കുന്ന ഞങ്ങൾക്ക് (ഫാ. മാത്യു വാഴപ്പിള്ളേത്ത് & ഫാ. ജോഷ്വാ പീടികയിൽ) ഞങ്ങളുടെ വൈദിക പരിശീലനത്തിന്റെയും പൗരോഹിത്യ ജീവിതത്തിന്റെയും പൂർവ്വകാല സ്മരണകളുടെ ഏതാനും വരികൾ എഴുതിചേർക്കുവാൻ സന്തോഷമുണ്ട്.

തിരുവനന്തപുരത്ത് പട്ടം സെന്റ് അലോഷ്യസ് സെമിനാരിയിൽ 1955 ജൂൺ മാസത്തിൽ വൈദിക പരിശീലനത്തിനായി ഒന്നിച്ചുകൂടിയ ഞങ്ങളുടെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതും അവിടെ തന്നെയായിരുന്നു. അക്കാരണത്താൽ തന്നെ ദൈവദാസനായ മാർ ഈവാനിയോസ് പിതാവിനെ കാണാനും അരമനയിൽ താമസിക്കാനും ആ സ്നേഹപിതാവിന്റെ സ്നേഹവും ശിക്ഷണവും ഏറ്റുവാങ്ങാനുമുള്ള ഭാഗ്യം ലഭിച്ച ചുരുക്കം ചിലരിൽ ഒരാളാണ് ബഹു. ജോഷ്വാച്ചൻ.



മൈനർ സെമിനാരി ജീവിതം ബഹു. ജോൺ മാത്യു അച്ചന്റെ ശിക്ഷണത്തിൽ ആരംഭിച്ച് റെക്ടറായിരുന്ന ഭാഗ്യസ്മരണാർഹനായ ലോറൻസ് പിതാവിന്റെയും ബഹു. സാമുവേൽ മണ്ണിൽ റമ്പാൻ, ബഹു. മത്തായി മലഞ്ചരുവിൽ, ബഹു. കണ്ടത്തിൽ എസ്. ജെ. അച്ചൻ, ഫാദർ ലെമായ് (ഹോളണ്ട്) മുതലായ പ്രമുഖരായ വൈദികരുടെയും ശിക്ഷണത്തിൽ പൂർത്തിയാക്കി.

1957 ജൂൺ മാസത്തിൽ ബഹു. ജോഷ്വാച്ചനോടൊപ്പം കേശവദാസപുരം ബസ് സ്റ്റോപ്പിൽ നിന്നും ഓരോ തകരപ്പെട്ടിയുമായി മംഗലപ്പുഴ സെമിനാരിയിലേക്ക് വണ്ടികയറിയവരാണ് ശെമ്മാശന്മാരായ മാത്യു വാഴപ്പിള്ളേത്ത്, ദാനിയേൽ തോട്ടം, തോമസ് നെരിയാട്ടിൽ, ജോഷ്വാ പീടികയിൽ, അഗസ്ററിൻ വിരുപ്പേൽ, ബഞ്ചമിൻ എന്നിവരുടെ എട്ടംഗ സംഘം. ആദ്യത്തെ 3 വർഷം കാർമ്മൽ ഗിരി സെമിനാരിയിൽ ഫിലോസഫിയും തുടർന്നുള്ള 4 വർഷം മംഗലപ്പുഴയിൽ ദൈവശാസ്ത്രപഠനവും വിജയകരമായി പൂർത്തിയാക്കി. 1944 മാർച്ച് മാസം 10-ാം തീയതി സെമിനാരിയോടും സതീർത്ഥ്യരോടും ഞങ്ങൾ വിടപറഞ്ഞു. കേരളത്തിനകത്തും പുറത്തുമുള്ള രൂപതാതിരൂപതകളിൽ നിന്നും സന്ന്യാസഭവനങ്ങളിൽ നിന്നുമുള്ള 132 പേരുള്ള ഒരു ഗ്രൂപ്പായിരുന്നു ഞങ്ങളുടെ ബാച്ച്. ലോകത്തിലെ ഏറ്റവും വലിയ സെമിനാരി എന്നറിയപ്പെട്ടിരുന്ന മംഗലപ്പുഴ സെമിനാരിയിൽ ഭാരതത്തിനകത്തും പുറത്തുനിന്നുമുള്ള വൈദിക വിദ്യാർത്ഥികൾക്ക് പരിശീലനം നല്കിയത് സ്വദേശീയരും വിദേശീയരുമായ പണ്ഡിതരും ആത്മീയ നിറവുള്ളവരുമായ ഗുരുക്കൻമാരായിരുന്നു. അവരുടെ ശിക്ഷണവും മാതൃകാപരമായ ജീവിതവും ഞങ്ങളുടെ പരിശീലനത്തിന് മാറ്റ് കൂട്ടി.



ജീവിക്കുന്ന വിശുദ്ധരായി കരുതിപ്പോന്ന ബ. സഖറിയാസ് ഒ. സി.ഡി., ഫാ. ഔറേലിയൻ ഒ. സി. ഡി., സ്പെയിനിലെ ഒരു വലിയ പ്രഭുകുടുംബാംഗവും സെമിനാരി പ്രൊക്കുറേറ്ററും, പില്ക്കാലത്ത് കുവൈറ്റ് മെത്രാനു

www.malankaralibrary.com

മായിരുന്ന സ്നേഹനിധിയായ ഫാ. വിക്ടർ ഒ.സി.ഡി., മഹാ പണ്ഡിതനും കാനോൻ നിയമ വിദ്വാനുമായ ഞങ്ങളുടെ പ്രിയങ്കരനായ റെക്ടർ ഫാ. മൈക്കിൾ ആഞ്ചലോ, വാത്സല്യനിധിയായ ഡൊമിനിക്കച്ചൻ, ഫാ. തെമേസിയൂസ്, ഫാ. അലക്സിയൂസ്, സംഗീത വിദഗ്ധനായ ഫാ. റെയ്മണ്ട്, ഫാ. ഹിപ്പോളിറ്റസ്, ഫാ. സ്റ്റീഫൻ മറ്റ് സ്വദേശികളായ ഗുരുക്കന്മാർ ഇവരെയൊക്കെ നന്ദിയോടെ സ്മരിക്കുന്നു. മലങ്കര സെമിനാരിക്കാരെ മനസ്സിലാക്കാൻ ഒട്ടും തെറ്റു പറ്റാത്ത ബ. ശബരിമുത്തച്ചനെയും വിശിഷ്യ മലങ്കരസഭയെയും, ഞങ്ങളെയും ഞങ്ങളുടെ വന്ദ്യഗുരുഭൂതനായിരുന്ന്, വളരെയേറെ സ്നേഹിച്ചു വളർത്തിയ പില്ക്കാലത്ത് എറണാകുളം മേജർ അതിരൂപതയുടെ സഹായക മെത്രാനും, താമരശ്ശേരി രൂപതയുടെ മെത്രാനും തന്റെ ശിഷ്യരെ "എന്റെ പിള്ളേർ" എന്ന് വിളിച്ചിരുന്ന അഭിവന്ദ്യനുമായ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിനെയും ഒരുനാളും ഞങ്ങൾക്ക് മറക്കാൻ കഴിയുന്നില്ല. വന്ദ്യപിതാവിനെ ഒരു ഗുരുവിനേക്കാൾ ഉപരി ഞങ്ങളുടെ പിതാവായി ഇന്നും ഞങ്ങൾ കാണുന്നു. വളരെ കാർക്കശ്യം നിറഞ്ഞ ഒരു പരിശീലനകാലഘട്ടമായിരുന്നു ഞങ്ങളുടെ സെമിനാരി ജീവിതം. രണ്ടാം ലോകമഹായുദ്ധത്തിന്റെ ശേഷമുള്ള കാലയളവിൽ അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ, പട്ടിണി, ദാരിദ്ര്യം ഇവയൊക്കെ സെമിനാരി ജീവിതത്തിന്റെ ഭാഗമായിരുന്നു. ഇന്നും ജീവിതത്തിന്റെ പരിമിതികളിൽ ഒതുങ്ങിനിന്ന് പരിഭവമില്ലാതെ ജീവിക്കുവാൻ ആ പരിശീലനം സഹായിക്കുന്നുണ്ട്. "10 മണി കഴിഞ്ഞാൽ പെരിയാർ ഒഴുകുന്നത് കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ എന്നറിയത്തില്ല" എന്ന് പറഞ്ഞ് വിശപ്പിന്റെ വിളിയോട് പലരും ഫലിതരൂപത്തിൽ പ്രതികരിക്കുന്നത് കേട്ടിരുന്നു. 'ഒരു കപ്പ് പാൽ അകത്താക്കാൻ കളികഴിഞ്ഞ് 6 ഗ്ലാസ്സ് ചായ കുടിക്കുന്നവരും' കൂട്ടത്തിലുണ്ടായിരുന്നു.



ഞങ്ങളുടെ തിരുപ്പട്ടസ്വീകരണം 1964 മാർച്ച് മാസം 19-ാം തീയതി നടന്നു. തിരുവല്ലയിലെ അഭിവന്ദ്യ



മെത്രാപ്പോലീത്താ മാർ അത്തനാസിയോസ് പിതാവ് ഞങ്ങളെ വൈദികപദവിയിലേക്ക് ഉയർത്തി. അഭിവന്ദ്യ ആർച്ച് ബിഷപ്പ് മാർ ഗ്രീഗോറിയോസ് തിരുമേനി ഈ ചുമതല തിരുവല്ല മെത്രാൻ വന്ദ്യ മാർ അത്തനാസിയോസ് പിതാവിനെ ഏല്പിച്ചിട്ട് രണ്ടാം വത്തിക്കാൻ സുന്നഹദോസിൽ പങ്കെടുക്കാൻ റോമിലേക്ക് പോയിരുന്നു. വൈദികരുടെ ദൗർലഭ്യം വളരെ രൂക്ഷമായതിനാൽ ഹാശാ ആഴ്ചയിലെ ശുശ്രൂഷയ്ക്കുവേണ്ടി പട്ടംകൊട നേരത്തെയാക്കി. താമസിക്കാതെ ഞങ്ങൾ എട്ടുപേരെയും സഹവികാരിമാരാക്കി വിവിധ ഇടവകകളിലേക്ക് അയച്ചു.

ബഹുമാനപ്പെട്ട ജോഷാച്ചന്റെ വ്യക്തിത്വം ഒന്നു വേറെയായിരുന്നു. കാഴ്ചയിൽ കോമളൻ ആയിരുന്നു. സദാ പ്രശോഭിതമായ മുഖവും ഹൃദ്യമായ പെരുമാറ്റവും നർമ്മം കലർന്ന സംസാര ശൈലിയും വിനയാന്വിതഭാവവും കളിക്കളങ്ങളിൽ നിറഞ്ഞുനിന്ന കായികപ്രതിഭയും ആരെയും ആകർഷിക്കുകയും സഹപ്രവർത്തകരെ അസൂയപ്പെടുത്തുകയും ചെയ്യുന്ന ശബ്ദമാധുര്യവും കൂദാശപരികർമ്മചാതുര്യവും കൈമുതലാക്കിയ വന്ദ്യനുമായ ജോഷാച്ചന് ഒരു വൈദികനായിത്തീരുക എന്നതിനേക്കാൾ വലിയ മോഹങ്ങളൊന്നുമില്ലായിരുന്നു. തന്റെ ബോധ്യങ്ങളും ആദർശങ്ങളും യാതൊരുവിധമായ സ്വാർത്ഥലാഭത്തിനോ പ്രത്യേക ആനുകൂല്യങ്ങൾക്കോ വേണ്ടി ബലികഴിക്കാത്ത ഈ വൈദികൻ മലങ്കരസഭയ്ക്ക് നല്കിയ സ്നേഹവും ശുശ്രൂഷയും തന്റെ ജീവിതത്തിൽ ഉടനീളം നിഴലിച്ചു നിന്നിരുന്നു. അച്ചന്റെ വിശുദ്ധ ബലിയർപ്പണത്തിൽ പങ്കെടുക്കുന്നതിലൂടെ അദ്ദേഹം ശുശ്രൂഷിച്ച ജനത്തിന് ലഭിച്ച അനുഭൂതി അനുഭവിച്ചറിയേണ്ടത് തന്നെയായിരുന്നു. ആരാധനാനുഷ്ഠാനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിഷ്ഠയും താല്പര്യവും വൈദിക സമൂഹത്തിന് ഒരു വലിയ മാതൃക തന്നെയാണ്. പരേതനായ ബ. കുമ്പഴയച്ചന്റെ (റവ. ഫാ. ഫിലിപ്പോസ് മേടയിൽ) വ്യക്തിത്വവും സംഘടനാശക്തിയും അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. റവ. ജോഷാച്ചൻ സംഘടിപ്പിച്ച ഒരു വലിയ മീറ്റിംഗിന്റെ നോട്ടീസിൽ പ്രസംഗങ്ങളുടെ കൂട്ടത്തിൽ "റവ. ഫാ. മാത്യു വാളപ്പിള്ളേത്ത് M.Th" എന്ന് എഴുതിയിരുന്നു. ഈ ബിരുദ

www.malankaralibrary.com

ദാനത്തെപ്പറ്റി അന്വേഷിച്ചവരോട് കൊടുത്ത മറുപടി രസാവഹമായിരുന്നു. "ഞാൻ മാത്തന് ഒരു ഡിഗ്രി കൊടുത്തു. M.Th എന്ന് പറഞ്ഞാൽ മഹാ തെമ്മാടി എന്നാണ്". പില്ക്കാലത്ത് ബ. വാഴപ്പിള്ളേത്ത് അച്ചന് ജോഷാച്ചൻ പ്രവചിച്ച ഡിഗ്രി (മാസ്റ്റർ ഓഫ് തിയോളജി) ദൈവം സാധ്യമാക്കിക്കൊടുക്കുകയും ചെയ്തു.!

അദ്ദേഹത്തിന്റെ ശുശ്രൂഷ ഏറ്റുവാങ്ങിയ ദൈവജനം ജോഷാച്ചനെ ഒരു നാളും വിസ്മരിക്കുകയില്ല. കുമ്പഴയിൽ സുപ്രസിദ്ധമായ മാലേത്ത് തറവാട്ടിൽ ജനിച്ച് വളർന്ന അച്ചൻ പൈതൃകമായി ലഭിച്ച സഭാസ്നേഹത്തിൽ തന്റെ ജനത്തെ രൂപപ്പെടുത്തി. ഞങ്ങൾക്കു പട്ടം കിട്ടിയ ദിവസത്തിന്റെ സ്മരണയിൽ വർഷംതോറും ജോഷാച്ചനുമൊത്ത് ഒന്നിച്ചുകൂടി ബലിയർപ്പിച്ച് സന്തോഷം പങ്കുവച്ചിരുന്നതൊക്കെ ഒരു മധുര സ്മരണയായി ഇന്നവശേഷിക്കുന്നു. ദൈവജനത്തെ ആരാധനാസമൂഹമായി രൂപപ്പെടുത്തിയ അച്ചനെ ഉദരരോഗം അലട്ടിക്കൊണ്ടിരുന്നു. സഹനത്തിന്റെ മനുഷ്യനായി ചെലവഴിച്ച അദ്ദേഹത്തിന്റെ അന്ത്യനാളുകൾ ഒരു ക്രൂശാരോഹണത്തിലൂടെ ഉത്ഥിതനിലേക്കുള്ള പ്രയാണമായിരുന്നു. 1983 മെയ് മാസം 21-ാം തീയതി മലങ്കര സഭയെയും വൈദികസംഘത്തെയും താൻ ശുശ്രൂഷിച്ച ദൈവമക്കളെയും കുടുംബാംഗങ്ങളെയും ഒരുപോലെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ആ ധന്യാത്മാവിന്റെ പ്രാണൻ ഭൂമിയോടു വിടപറഞ്ഞു.

ബ. ജോഷാച്ചൻ നൂറുശതമാനവും ഒരു വികാരിയച്ചനായിരുന്നു. ജീവിതസായൂജ്യം നേടിയ ഒരു നല്ല ഇടയൻ. അദ്ദേഹത്തിനുള്ളതും തന്റെ ഉള്ളും കർത്താവിന്റെ ഭൗതികശരീരമായ സഭയോട് ചേർത്ത് വച്ചിരുന്നു. പണം സമ്പാദിക്കണമെന്നോ വീട്ടുകാരെ സാമ്പത്തികമായി ഉയർത്തണമെന്നോ ഉള്ള ഭൗതികചിന്ത അച്ചനെ തെല്ലും സ്വാധീനിച്ചിരുന്നില്ല. തനിക്കുള്ളതെല്ലാം, സുഖവും ദുഃഖവും ദൈവജനവുമായി പങ്കുവച്ച് നമ്മോട് വിടപറഞ്ഞ ബ. ജോഷാച്ചൻ ഇന്നും ജീവിക്കുന്നു, ദൈവജനത്തിന്റെ ഹൃദയങ്ങളിൽ. ആ പാവനാത്മാവ് കർത്താവിൽ ആശ്വസിക്കട്ടെ. ■







# സമ്പൂർണ്ണ സമർപ്പണം

ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ O.I.C.

സഭയ്ക്കുവേണ്ടി പരിപൂർണ്ണമായി സ്വയം അർപ്പിച്ച ബഹുമാനപ്പെട്ട ജോഷാ തെക്കേച്ചരുവിലച്ചന്റെ പാവനസ്മരണയ്ക്കായി ഒരു പ്രാർത്ഥനാലയവും അച്ചന്റെ സ്വർഗ്ഗപ്രവേശത്തിന്റെ 25-ാം വർഷം അദ്ദേഹത്തിന്റെ സ്മരണ ശാശ്വതമാക്കുന്നതിന് ഒരു സ്മരണിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന തെക്കേച്ചരുവിൽ കുടുംബത്തിന് അഭിനന്ദനവും ആശംസകളും നേരുന്നു.

അച്ചന്റെ പിതാമഹന്മാർ അവർ വിശ്വസിച്ച സഭയിൽ തീവ്രതയുള്ളവരും സഭാ പ്രവർത്തനങ്ങളിൽ തീക്ഷ്ണതയുള്ളവരുമായിരുന്നു. കുമ്പഴ പ്രദേശത്ത് പുനരൈക്യ പ്രസ്ഥാനം മുളയെടുത്ത ആദ്യ സമയത്തുതന്നെ തെക്കേച്ചരുവിൽ കുടുംബം സഭാപ്രവേശനം ചെയ്തു. വന്ദ്യ മേടയിൽ ഫിലിപ്പോസച്ചനോട് ചേർന്ന് (കുമ്പഴയച്ചൻ) പിതാമഹന്മാരുടെ പൈതൃകം പിന്തുടർന്ന് മലങ്കര കത്തോലിക്കാസഭയുടെ വളർച്ചയ്ക്കായി അവർ പരിശ്രമിച്ചു. രണ്ടാം തലമുറക്കാരനായ ജോഷാച്ചൻ സഭാശുശ്രൂഷയ്ക്കായി സ്വയം അർപ്പിച്ചു. ജീവിക്കുവാനും പ്രവർത്തിക്കുവാനും നിയോഗിക്കപ്പെട്ട ഇടങ്ങളിലൊക്കെയും ത്യാഗപൂർവ്വം തീക്ഷ്ണതയോടെ ശുശ്രൂഷചെയ്തു. സഭയോട് എതിർപ്പുകളും സഭാസ്ഥാപനങ്ങൾക്ക് ഭീഷണിയും ഉയർന്നപ്പോഴൊക്കെ

www.malankaralibrary.com

ധൈര്യമായി വിവേകത്തോടെ പ്രതികരിക്കുവാനും സഭാസ്ഥാപനങ്ങൾക്ക് ഒരു പോറൽപോലും ഏല്ക്കാതെ സംരക്ഷിക്കുവാനും കഠിനയത്നം ചെയ്തു. അച്ചന്റെ തീക്ഷ്ണതയും അർപ്പണബോധവും അടുത്തറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ട്.

മലങ്കര ആരാധനയുടെ ഹൃദ്യതയും ചൈതന്യവും ജോഷാച്ചൻ സ്വീകരിച്ചിരുന്നു. അച്ചന്റെ സ്വരമാധുരി, വചനവ്യാഖ്യാനങ്ങൾ ഇവയൊക്കെ വഴി ആരാധനയുടെ മാധുര്യം അനുഭവിക്കുവാൻ വിശ്വാസികൾക്കു പ്രചോദനമായിട്ടുണ്ട്. ആരാധന എത്രയും ചിട്ടയായി, ഭംഗിയായി, ആത്മീയ ഉണർവ്വു നല്കുന്ന വിധം നടത്തുന്നതിന് അച്ചനു സാധിക്കുമായിരുന്നു. ആരാധനാഗീതങ്ങൾ ഇമ്പകരമായും ആഘോഷമായും പാടുന്നതിനും ഇടവക ജനങ്ങളെ അഭ്യസിപ്പിക്കുന്നതിലും അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

വൈദിക കൂട്ടായ്മയിലുള്ള അച്ചന്റെ താല്പര്യം വളരെ മാതൃകാപരമായിരുന്നു. അച്ചൻ ശുശ്രൂഷിച്ചിരുന്ന പ്രദേശത്തെ വൈദികരെ ഒന്നിച്ചു കൂട്ടുന്നതിനും അവരോടു ചേർന്നു പ്രാർത്ഥിക്കുന്നതിനും അവരുമായി ചർച്ചചെയ്ത് ശുശ്രൂഷ കൂടുതൽ ചൈതന്യവത്താക്കുന്നതിനും അച്ചൻ പ്രത്യേകം താല്പര്യമെടുത്തിരുന്നു. വൈദികരെ പരസ്പരം ബന്ധപ്പെടുത്തുന്നതിനും അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും പ്രയോജനപ്രദവുമാക്കുന്നതിനും ഈ കൂട്ടായ്മ വളരെ സഹായകരമായിരുന്നു. വൈദികശുശ്രൂഷയിൽ പ്രയാസങ്ങൾ നേരിടുന്നവർക്കും പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവർക്കും ഈ കൂട്ടായ്മ വളരെയേറെ പ്രയോജനപ്പെട്ടു.

സാധുജനങ്ങളോടു വളരെയേറെ അനുകമ്പയും ആർദ്രതയും പ്രകടമാക്കിയിരുന്ന അച്ചൻ അനേകർക്ക് അത്താണിയായി ഭവിച്ചു. വിദേശസഹായമൊന്നും ലഭിക്കാതെയിരുന്ന അച്ചൻ തനിക്കു ലഭിച്ചിരുന്ന ചെറിയ വരുമാനം ഉപയോഗിച്ച് അനേകരെ വിദ്യ അഭ്യസിപ്പിച്ചു. തൊഴിൽ നേടുന്നതിനും വിവാഹിതരാക്കുന്നതിനും ഒക്കെ സഹായിച്ചു. അച്ചന്റെ സഹായത്താൽ പഠിച്ച പലരും സമൂഹത്തിൽ ഉന്നത സ്ഥാനം വഹിക്കുന്നതു കാണാനുള്ള ഭാഗ്യം അച്ചനുണ്ടായി.

കുടുംബാംഗങ്ങളിൽ ഉദ്യോഗസ്ഥരായിട്ടുള്ളവരിൽ നിന്നും സഹായം തേടി മറ്റുള്ളവരെ സഹായിച്ചിട്ടുണ്ട്. കൂടാതെ, കുടുംബാംഗങ്ങളും അടുത്ത ബന്ധുക്കളും പരസ്പരം സ്നേഹിച്ചും സഹായിച്ചും ഒറ്റക്കെട്ടായി ജീവിക്കുന്നതിന് അച്ചന്റെ പ്രേരണയും സാന്നിദ്ധ്യവും പ്രചോദനം നല്കിയിരുന്നു. അത് ഇന്നും കുടുംബത്തിൽ നില നില്ക്കുന്നതിന്റെ പ്രത്യക്ഷ പ്രകടനമാണല്ലോ അവർ അച്ചന്റെ സ്മരണ നിലനിർത്തുന്നതിന് ഒന്നുചേർന്ന് ശാശ്വതമായ ഒരു സ്മാരകം നിർമ്മിക്കുന്നത്. ■







# അച്ചനപ്പാപ്പൻ

ഫാ. തോമസ് സജീവ് തെക്കേച്ചരുവിൽ OIC

ഞങ്ങളുടെ സ്നേഹ ബഹുമാനപ്പെട്ട അച്ചനപ്പാപ്പൻ, റവ. ഫാ.ജോഷ്വാ തെക്കേച്ചരുവിൽ സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 2008 മെയ് 21 ന് 25 വർഷം പൂർത്തിയാകുന്നു. രജതജൂബിലിയുടെ ഈ അവസരത്തിൽ അച്ചനപ്പാപ്പന്റെ സ്മരണ ഇപ്പോഴും മനസ്സിൽ പച്ചപിടിച്ചു നില്ക്കുന്നു. തെക്കേച്ചരുവിൽ കുടുംബത്തിലെ നാല് ആൺമക്കളിൽ ഏറ്റം ഇളയ ആളായിരുന്നു ബഹു. ജോഷാച്ചൻ. ആയതിനാൽ മൂന്ന് അപ്പന്മാരുടെ 19 മക്കളും ബഹു. അച്ചനെ അച്ചനപ്പാപ്പൻ എന്ന് വിളിക്കുന്നു. രണ്ട് മൂത്ത സഹോദരികളുടെ 12 മക്കൾ അച്ചനച്ചാച്ചൻ എന്നും വിളിക്കുന്നു.

എനിക്ക് 7 വയസ്സുള്ളപ്പോൾ (1964) ആയിരുന്നു അച്ചനപ്പാപ്പന്റെ ഓർഡിനേഷൻ. അച്ചനപ്പാപ്പന്റെ പുത്തൻകുർബ്ബാനയ്ക്ക് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവ് കുമ്പഴ ഇടവക പള്ളിയിൽ വന്നതും പിന്നീട് വീട്ടിൽ വന്നതുമെല്ലാം വലിയ സംഭവങ്ങളായി ഇന്നും ഓർക്കുന്നു. പല അവസരങ്ങളിലും അച്ചനപ്പാപ്പൻ വീട്ടിൽ വന്നിരുന്നത് വലിയ സന്തോഷമുള്ള അവസരങ്ങളായി സ്മരണയിലെത്തുന്നു. അച്ചനപ്പാപ്പൻ വരുമ്പോൾ മൂന്ന് അപ്പന്മാരുടെ മക്കളും ഒരു

www.malankaralibrary.com

മിച്ച് കൂടിയിരുന്നു. അച്ചൻ പുതിയ ഇടവകയിലെയും മിഷൻ സംഘങ്ങളിലെയും രസകരമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതും തമാശ പറഞ്ഞ് എല്ലാവരുംകൂടി പൊട്ടിച്ചിരിക്കുന്നതുമെല്ലാം നല്ല അനുഭവങ്ങളായിരുന്നു.

അച്ചനപ്പാപ്പൻ വീട്ടിൽ വരുമ്പോൾ കുമ്പഴ ബഥനി ആശ്രമത്തിലെ ബഹു. വൈദികരും അച്ചനപ്പാപ്പന്റെ സുഹൃത്തുക്കളായ ബഹു. വൈദികരും വീട്ടിൽ വന്നിരുന്നതും അതിന് ഒരുക്കമായി വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കുവാൻ നല്ല പാചകക്കാരൻ എത്തിയിരുന്നതുമെല്ലാം ഓർമ്മയിൽ വരുന്നു. ആരെയും ആകർഷിക്കത്തക്ക സംഭാഷണശൈലിയും തമാശ പറച്ചിലും പൊട്ടിച്ചിരിയും അച്ചനപ്പാപ്പന്റെ പ്രത്യേകതകളായിരുന്നു. നിഷ്കളങ്ക വ്യക്തിത്വമായിരുന്നു അച്ചനുണ്ടായിരുന്നത്.

അച്ചന്റെ വി. കുർബ്ബാനയും കൂദാശാനുഷ്ഠാനങ്ങളുമെല്ലാം വളരെ മനോഹരമായിരുന്നു. ഭംഗിയായി പാടാനുള്ള കഴിവും അച്ചനുണ്ടായിരുന്നു. ഇമ്പമുള്ള സ്വരത്തോടെ വ്യക്തമായും സ്ഫുടമായും ലയത്തിൽ ചൊല്ലുന്നത് കാതുകൾക്ക് ഇമ്പകരമായിരുന്നു. ജോഷാച്ചന്റെ ആരാധന വളരെ മനോഹരമാണെന്ന് ബഹു. വൈദികർ പറയുന്നത് കേട്ടിട്ടുണ്ട്.

1934-ൽ ജനിച്ച് 49 വർഷം മാത്രം ജീവിച്ച് 1983-ൽ നിത്യസമാധാനത്തിനായി അച്ചനപ്പാപ്പൻ കടന്നുപോയി. അച്ചനപ്പാപ്പൻ സേവനം ചെയ്തിരുന്ന ഇടവകകളിൽ രണ്ട് മൂന്ന് പ്രാവശ്യം സന്ദർശിക്കുവാനുള്ള അവസരമേ എനിക്കു ലഭിച്ചിട്ടുള്ളൂ. അപ്പോൾ എനിക്ക് കാണാൻ സാധിച്ചത് എല്ലാവരോടും സൗഹൃദത്തോടെ ഇടപെടുന്ന ഒരു വൈദികനെയാണ്. പ്രത്യേകിച്ച് പാവപ്പെട്ടവരെയും സഹായം ആവശ്യമുള്ളവരെയും അനുകമ്പയോടെ കരുതുന്ന മനോഭാവം അച്ചനുണ്ടായിരുന്നു.

നിര്യാതനായിട്ട് 25 വർഷങ്ങൾ ആയിട്ടും ഇന്നും അച്ചനപ്പാപ്പന്റെ ഓർമ്മകൾ മായാതെ നില്ക്കുന്നു. അച്ചനപ്പാപ്പനിലൂടെ മലങ്കര കത്തോലിക്കാ സഭയ്ക്കും കുമ്പഴ ഇടവകയ്ക്കും ബന്ധുമിത്രാദികൾക്കും കുടുംബാംഗങ്ങൾക്കും ദൈവം നല്കിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങളും നന്ദിയോടെ സ്മരിക്കുന്നു. അച്ചനപ്പാപ്പന്റെ സ്മരണയ്ക്കായി കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയ്ക്ക് ഒരു കുരിശ്ശടി നിർമ്മിച്ച് നല്കാൻ സന്മനസ്സു കാണിച്ച കുടുംബാംഗങ്ങളെ അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും ദൈവാനുഗ്രഹങ്ങൾ നേരുകയും ചെയ്യുന്നു. ■





# വാടാമലർ

**ഫാ. ഫിലിപ്പ് നേരി OIC**

തിരുവനന്തപുരം അതിരൂപതയിലെ വിവിധ ഇടവകകളിൽ വികാരിയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് തന്റെ നിത്യസമ്മാനത്തിനായി കടന്നുപോയ ഫാ. ജോഷാ തെക്കേച്ചരുവിലിന്റെ പാവന സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ജീവിതത്തിന്റെ വസന്തകാലത്തുതന്നെ കേവലം നാല്പത്തി ഒൻപതു വർഷത്തെ ഐഹിക ജീവിതത്തിനു വിരാമമിട്ടുകൊണ്ട് ആ സുകൃത പുഷ്പം കൊഴിഞ്ഞുവീണു. അദ്ദേഹം വികാരിയായി സേവനം ചെയ്തിട്ടുള്ള ഇടവകകളിലെ ദൈവജനം എന്നും അദ്ദേഹത്തിന്റെ പൗരോഹിത്യ ശുശ്രൂഷയെ നന്ദിപൂർവ്വം അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ വേർപാട് തെക്കേച്ചരുവിൽ കുടുംബത്തിനും അതിരൂപതയ്ക്കും ഒരു നഷ്ടമാണ്. എങ്കിലും ആ നിത്യപുരോഹിതന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യം ഏവർക്കും പ്രത്യാശ നല്കുന്നു.

അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിട്ട് ഇരുപത്തഞ്ചു വർഷം തികയുന്നു. ആ പാവനസ്മരണയെ ശാശ്വതമായി നിലനിറുത്തുവാൻ വെട്ടൂർ ജംഗ്ഷനു സമീപം കുമ്പഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി തെക്കേച്ചരുവിൽ കുടുംബാംഗങ്ങൾ പണിതു സമർപ്പിക്കുന്ന കുരിശ്ശടി അദ്ദേഹത്തിന്റെ ഓർമ്മനിലനിറുത്തുവാനും ഈ നാടിന് അനുഗ്രഹപ്രദമാകുവാനും കാരണമായിത്തീരട്ടെയെന്നു പ്രാർത്ഥിക്കുന്നു. ഈ സംരംഭത്തോടു സഹകരിച്ച എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!



www.malankaralibrary.com



# സ്മരണാഞ്ജലി

**സിസ്റ്റർ ഫിലോമിന SIC**
അസിസ്റ്റന്റ് പ്രൊവിൻഷ്യൽ പത്തനംതിട്ട

മലങ്കര കത്തോലിക്കാസഭയിലെ ആദ്യ ഇടവകകളിലൊന്നായ കുമ്പഴ സെന്റ് മേരീസ് ഇടവകയിൽ നിന്നും ദൈവവിളി ലഭിച്ച് 1964 മാർച്ച് 19ന് പൗരോഹിത്യം സ്വീകരിച്ച വന്ദ്യ വൈദികനാണ് റവ. ഫാദർ ജോഷ്വാ തെക്കേച്ചരുവിൽ. അദ്ദേഹം ദിവംഗതനായിട്ട് ഇരുപത്തഞ്ചുവർഷങ്ങൾ പിന്നിടുന്ന ഈ അവസരത്തിൽ അദ്ദേഹത്തെ അനുസ്മരിക്കുന്നത് ഉചിതമത്രേ.

യുഗപ്രഭാവനും പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രണേതാവും മലങ്കര കത്തോലിക്കാസഭയുടെ പ്രഥമാദ്ധ്യക്ഷനുമായ ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് തിരുമേനി 1930 സെപ്റ്റംബർ 20-ാം തീയതി സാർവ്വത്രിക സഭയുമായി ഐക്യപ്പെട്ടു. അധികം താമസിയാതെ കുമ്പഴ ഇടവകയുടെ സ്ഥാപകനായ ബ. ഫിലിപ്പോസ് മേടയിലച്ചൻ (കുമ്പഴ അച്ചൻ) 1930 ഒക്ടോബർ 29-ാം തീയതി മാവേലിക്കരയിൽ വച്ച് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് മലങ്കര കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയുണ്ടായി. 1930 ഡിസംബർ 25 ന് കുമ്പഴ ഇടവക സ്ഥാപിതമായി. പുനരൈക്യത്തിന്റെ



ആദ്യകാലത്തുതന്നെ മാതൃസഭയായ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ട ഒരു കുടുംബമാണ് തെക്കേച്ചരുവിൽ കുടുംബം. ഓർത്തഡോക്സ് സഭാവിഭാഗക്കാരുടെ വലിയ എതിർപ്പിന്റെ അവസരമായിരുന്നു അത്. എല്ലാ പ്രതിബന്ധങ്ങളെയും അതിജീവിച്ച് ഇടവകസ്ഥാപനത്തിൽ, സഭയ്ക്കുവേണ്ടി പടപൊരുതാനും ജീവൻ നല്കുവാനും സന്നദ്ധരായി നിലകൊണ്ടവരിൽ ഒരാളായിരുന്നു ബ. ജോഷ്വാച്ചന്റെ പ്രിയ പിതാവ്; മാലേത്ത് വല്യകുഞ്ഞച്ചായൻ. ഉറച്ച ദൈവവിശ്വാസവും സഭാ സ്നേഹവുമുള്ള മാതാപിതാക്കളിൽ നിന്നും - പരേതരായ ശ്രീമാൻ വറുഗീസ് ജോസഫ് തെക്കേച്ചരുവിലിന്റെയും ശ്രീമതി മറിയാമ്മ ജോസഫിന്റെയും ഏറ്റവും ഇളയമകനായി 1934 ജൂൺ 12 ന് 'കുഞ്ഞച്ചൻ' ജനിച്ചു.

പ്രൈമറി വിദ്യാഭ്യാസം വെട്ടൂർ M.S.C.L.P. സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം മൈലപ്രായിലുള്ള എസ്.എച്ച് സ്കൂളിലും നടത്തുകയുണ്ടായി. ചെറുപ്പം മുതൽ അന്യാദൃശമായ ദൈവഭക്തിയും പഠനത്തിൽ താല്പര്യവും ചിട്ടയായ ജീവിതക്രമവും ബാലനിൽ ദൃശ്യമായിരുന്നു. ഫാദർ ഫിലിപ്പോസ് മേടയിൽ അവർകളുടെ വിശുദ്ധ കുർബ്ബാനയിൽ മുടങ്ങാതെ അൾത്താരബാലനായി ശുശ്രൂഷയ്ക്കു കൂടുകയും ഭാഷാശുദ്ധിയോടെയും ഇമ്പകരമായും ശുശ്രൂഷകനായി പങ്കെടുക്കുകയും ചെയ്തിരുന്നത് ഇപ്പോഴും എന്റെ ഓർമ്മയിൽ തങ്ങിനില്ക്കുന്നു. തികഞ്ഞ ദൈവഭക്തരായ മാതാപിതാക്കളുടെ മാതൃകാപരമായ ക്രിസ്തീയ ജീവിതം ദൈവവിളിയിലേക്കു കുഞ്ഞച്ചനെ നയിച്ചു. ഇടവക വികാരിയായ കുമ്പഴ അച്ചന്റെ സ്നേഹത്തിനും വാത്സല്യത്തിനും പാത്രീഭൂതനായ കുഞ്ഞച്ചനെ ദൈവവിളിയുടെ പാതയിലൂടെ കൈപിടിച്ചുനടത്തിയത് ബ. പീലിപ്പോസ് മേടയിലച്ചനാണെന്നു പറയുന്നതിൽ സന്തോഷമുണ്ട്. ദൈവാഹ്വാന പ്രകാരം, ഹൈസ്കൂൾ വിദ്യാഭ്യാസത്തെ തുടർന്ന് പട്ടം സെന്റ് അലോഷ്യസ് സെമിനാരിയിൽ നിന്നും ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും വൈദികപരിശീലനം പൂർത്തിയാക്കുകയും 1964-ൽ വി. യൗസേപ്പു പിതാവിന്റെ തിരുനാൾ ദിനമായ മാർച്ച് 19-ാം തീയതി പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽവച്ച് തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്നും പൗരോഹിത്യം സ്വീകരിക്കുകയും ചെയ്തു.



www.malankaralibrary.com

കുമ്പഴ ഇടവകയുടെ അഭിമാനമായിരുന്ന ബ. ജോഷ്വാച്ചൻ തിരുവനന്തപുരം അതിരൂപതയിലുള്ള വിവിധ ഇടവകകളിൽ നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കാർമല, അട്ടച്ചാക്കൽ, മുളന്തറ, അമ്പിളികോണം, ആദിച്ചവിളാകം, ഉച്ചക്കട, തണ്ണിത്തോട്, തേക്കുതോട്, മണ്ണീറ, പുനലൂർ ഇടമണ്ണ്, ആര്യങ്കാവ്, എലിക്കാട്ടൂർ, ഉറുകുന്ന്, കരവാളൂർ, മാമ്പാറ പെരുനാട്, കൊച്ചുകുളം, തോണിക്കടവ്, കുമ്മല്ലൂർ, ചെങ്കളം, കൊട്ടറ, മരുതമൺ പള്ളി, പൂയപ്പള്ളി തുടങ്ങിയ ഇടവകകൾ അദ്ദേഹത്തിന്റെ കർമ്മ മേഖലകളായിരുന്നു. തന്റെ ഇമ്പകരമായ സ്വരമാധുരിയും സ്ഫുടതയോടുകൂടിയ ഉച്ചാരണശുദ്ധിയും ശ്രുതിമധുരമായ ഗാനങ്ങളും ഭക്തിനിർഭരമായ ശുശ്രൂഷകളും വിശിഷ്യ ദിവ്യബലിയും ദൈവസന്നിധിയിലേക്ക് ദൈവജനത്തെ അടുപ്പിക്കുന്നതിനുതകുന്നവയായിരുന്നു. ബ. ജോഷ്വാച്ചന്റെ പ്രസംഗങ്ങൾ വഴി ഇടവകകളിൽ ആത്മീയ പ്രബുദ്ധത ഉളവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

1974-78 കാലയളവിൽ അദ്ദേഹം മാമ്പാറ-പെരുനാട് ഇടവകയിൽ സേവനമനുഷ്ഠിച്ചിരുന്നത് പ്രത്യേകം സ്മരിക്കുന്നു. പെരുനാട് ബഥനി മഠത്തിന്റെ ചാപ്ലെയിൻ എന്ന നിലയിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സിസ്റ്റേഴ്സിനെ ആത്മീയമായി വളർത്തുന്നതിനും അവരിലുള്ള കഴിവുകളെ പ്രോത്സാഹിപ്പിച്ച് നല്ല വ്യക്തിത്വത്തിനുടമകളാക്കുന്നതിനും ബ. ജോഷ്വാച്ചൻ പരിശ്രമിച്ചിരുന്നു. ഇടവകാംഗങ്ങളെ സഹകരിപ്പിച്ചുകൊണ്ടു പോകുന്നതിന് അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവുണ്ടായിരുന്നു എന്നത് എടുത്തുപറയത്തക്ക ഒരു കാര്യമാണ്. ഇടവകകളിൽ കുട്ടികളെയും യുവതലമുറയെയും ആദ്ധ്യാത്മികമായി വളർത്തുന്നതിന് അദ്ദേഹം പരിശ്രമിച്ചു. കുട്ടികളിലുള്ള സംഗീതവാസന വളർത്തുകയും ആരാധനാഗീതങ്ങൾ ഭംഗിയായി പാടുന്നതിന് പഠിപ്പിക്കുകയും അങ്ങനെ ഇടവകകൾക്ക് ഉണർവ്വും ഉന്മേഷവും ആദ്ധ്യാത്മികാഭിവൃദ്ധിയും കൈവരുത്തുകയും ചെയ്തു.

1983 മെയ് 21-ാം തീയതി അദ്ദേഹം തന്റെ 49-ാം വയസ്സിൽ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. ബ. ജോഷ്വാ തെക്കേച്ചരുവിലച്ചന്റെ നിര്യാണം, കുടുംബത്തിനും, കുമ്പഴ ഇടവകയ്ക്കും അതിരൂപതയ്ക്കും ഒരു തീരാനഷ്ടമായി അനുഭവപ്പെട്ടു. ചെറുപ്രായത്തിൽ തന്നെ ദൈവസന്നിധിയിലേക്കു വിളിക്കപ്പെട്ട ബ. അച്ചന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു. വന്ദ്യനായ ജോഷ്വാ തെക്കേച്ചരുവിലച്ചനെ ഇത്തരുണത്തിൽ സ്നേഹപൂർവ്വം അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുകയും ചെയ്യുന്നു. ■





# സ്വർഗ്ഗത്തിലെ 25-ാം പിറന്നാൾ

**സിസ്റ്റർ ആനന്ദ് SIC**

ആയിരത്തിതൊള്ളായിരത്തി എൺപത്തിമൂന്ന് മെയ് 21 വൈകുന്നേരം 4 മണി. ഇന്നും എന്റെ മനസ്സിൽ മായാത്ത ഓർമ്മയായി നിലനില്ക്കുന്നു. എന്റെ അച്ചനപ്പാപ്പന്റെ മരണവാർത്ത, നാലാഞ്ചിറ മഠത്തിൽ ഒരു കോഴ്സിൽ പങ്കെടുത്തുകൊണ്ടിരുന്ന എന്നെ ദുഃഖത്തിലാഴ്ത്തി. മറ്റ് സിസ്റ്റേഴ്സിനോടൊപ്പം പട്ടം അരമന ചാപ്പലിൽ എത്തി ചേതനയറ്റ എന്റെ ഉപ്പാപ്പനെ കണ്ടു. മനസ്സിനെ തൊട്ടിട്ടുള്ള, അനുഭവിച്ചിട്ടുള്ള ഒരായിരം ഓർമ്മകൾ ഒറ്റ നിമിഷം കൊണ്ട് മനസ്സിലൂടെ കടന്നുപോയി. സഭയെ സ്നേഹിച്ചും ശുശ്രൂഷിച്ചും ജീവിതം നല്ല ദൈവത്തിനുവേണ്ടി കാഴ്ചവച്ചപ്പോഴൊക്കെ, കുടുംബാംഗങ്ങളോട്, പ്രത്യേകിച്ച് സഹോദരമക്കളായ ഞങ്ങളോട് കാണിച്ചിട്ടുള്ള സ്നേഹം ഇന്നും മനസ്സിൽ നിന്നും മാറ്റി നിർത്താനാവുന്നില്ല. ഞങ്ങളെ മാത്രമല്ല, നാടിനെത്തന്നെ സ്നേഹിച്ച ഒരു നല്ല മനുഷ്യസ്നേഹി ആയിരുന്നു എന്നതിന്റെ തെളിവാണല്ലോ, അച്ചനപ്പാപ്പന്റെ മൃതദേഹം കാണാനും, ആദരാഞ്ജലികൾ അർപ്പിക്കാനും വേണ്ടി കാത്തുനിന്ന ദൈവജനത്തിന്റെ തിരക്ക്.

അച്ചനപ്പാപ്പൻ വീട്ടിൽ വരുന്ന ദിവസങ്ങൾ ഞങ്ങൾക്ക് ഒരാഘോഷം തന്നെയായിരുന്നു. കുഞ്ഞുങ്ങളായ

www.malankaralibrary.com



ഞങ്ങളെ പാട്ട് പഠിപ്പിച്ചും, കളികൾ പഠിപ്പിച്ചും തമാശകൾ കാട്ടിയും പ്രാർത്ഥന പഠിപ്പിച്ചും ഒക്കെ ധന്യരാക്കിയിരുന്നു. ഓരോരുത്തരെയും വ്യക്തിപരമായി അറിഞ്ഞ് സ്നേഹിച്ച് വളർത്തുന്നതിന് ഉത്സുകനായിരുന്നു. സന്ന്യാസ സമർപ്പണത്തിലൂടെ എന്റെ ജീവിതം ദൈവത്തിനും, ദൈവജനത്തിനുംവേണ്ടി മാറ്റി വച്ചതിൽ എന്റെ ഉപ്പാപ്പനച്ചന്റെ ജീവിതവും പ്രോത്സാഹനവാക്കുകളും ഏറെ സ്വാധീനിച്ചിട്ടുണ്ട്. ജോഷാ തെക്കേച്ചരുവിൽ അച്ചന്റെ സഹോദരപുത്രി എന്ന നിലയിലാണ് തിരുവനന്തപുരം അതിരൂപതയിലുള്ള അച്ചന്മാരുടെ ഇടയിൽ ഏറിയ പങ്കും ഞാൻ അറിയപ്പെടുന്നത്. തികച്ചും അച്ചനപ്പാപ്പൻ ഞങ്ങളുടെ അഭിമാനമായിരുന്നു. സ്മരണകളിൽപോലും ആ ചൈതന്യം ഞങ്ങളുടെ സഭാത്മകജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.



അനൗദ്യോഗിക
വേഷത്തിൽ
ജോഷാച്ചൻ







മാതാപിതാക്കളുടെ കല്ലറയിൽ



കുടുംബാംഗങ്ങൾക്കൊപ്പം

www.malankaralibrary.com



# കഥ പറയുന്ന ഓർമ്മകൾ

**ഡോ. ജോർജ് ഓണക്കൂർ**

പ്രിയപ്പെട്ട ജോഷ്വാ തെക്കേച്ചരുവിലച്ചനെ ഞാൻ ഓർക്കുകയാണ്. ഓർമ്മകൾ കഥ പറയുകയാണ്. ജീവിതത്തിന്റെ മദ്ധ്യാഹ്നത്തിൽ യാത്ര പറഞ്ഞുപോയ കർമ്മനിരതനായ ജോഷ്വാ അച്ചൻ. ഇരുപത്തിയഞ്ചു വർഷത്തിനപ്പുറം, അമ്പതു വയസ്സു തികയുംമുമ്പ് ആ വന്ദ്യ വൈദികൻ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയി. നല്ല ഓർമ്മകൾ ശേഷിപ്പിച്ച് സ്നേഹത്തിന്റെ സ്മരണയായിത്തീർന്നു.

മലങ്കര സുറിയാനി കത്തോലിക്കാ ജനസമൂഹത്തിന്റെ ആദ്ധ്യാത്മിക പ്രഭാവത്തിന്റെ ആധാരഭൂമിയാണ് പത്തനംതിട്ടയും സമീപപ്രദേശങ്ങളും. ധാരാളം വൈദികർ, സന്ന്യാസിനിമാർ, സാമൂഹികസേവനരംഗങ്ങളിൽ ഇടപെടുന്ന ജനനേതാക്കന്മാർ. ഹൃദയം നിറയെ സൗഹൃദവും സേവനസന്നദ്ധതയും അവരിൽ ഞാൻ ദർശിച്ചിട്ടുണ്ട്. എനിക്ക് ഒട്ടേറെ സുഹൃത്തുക്കളെയും ബന്ധുക്കളെയും നല്കിയ ശാദ്വലഭൂമിയാണ് പത്തനംതിട്ട. കോളജിൽ ഞാൻ പഠിപ്പിച്ചവർ, വിവിധ കർമ്മവേദികളിൽ സഹകരിച്ചു പ്രവർത്തിച്ചവർ, ഏതു നിലയ്ക്കും എനിക്കു പ്രിയങ്കരമായിത്തീർന്ന ഒട്ടേറെ മുഖങ്ങൾ ഞാൻ ഓർമ്മിച്ചെടുക്കുന്നു.



തെക്കേച്ചരുവിൽ കുടുംബവും എനിക്ക് ബന്ധപ്പെട്ടതാണ്. ചാരുതയാർന്ന പെരുമാറ്റവും ജീവിതലാളിത്യവും കൊണ്ട് ഞങ്ങൾ നാലാഞ്ചിറക്കാർ, ഹൃദയപൂർവ്വം ഇഷ്ടപ്പെടുന്ന ഞങ്ങളുടെ സ്വന്തം വികാരിയച്ചൻ, സജീവ് തെക്കേച്ചരുവിൽ എപ്പോഴും ഒപ്പമുണ്ട്. സേവനോത്സുകനായ രാജൻ തെക്കോച്ചരുവിൽ, അവരുടെ സുന്ദരനായ സഹോദരൻ ജെയിംസ് ടി. ജോസഫ്, കോളജ് അദ്ധ്യാപകൻ. ആ മുഖങ്ങൾ ഓരോന്നും എന്റെ മനസ്സിലുണ്ട്.

ബഹുമാനപ്പെട്ട ജോഷ്വാ തെക്കേച്ചരുവിൽ അച്ചൻ പാതിവഴിയാത്രയിൽ തന്നെ ശ്രദ്ധേയനായി. തിരുവനന്തപുരം അതിരൂപതയുടെ തെക്കും വടക്കുമുള്ള പ്രദേശങ്ങളിൽ വിവിധ ദേവാലയങ്ങളിൽ നിസ്തന്ദ്ര സേവനം അനുഷ്ഠിച്ചു ധാരാളം അനുഭവങ്ങൾ സ്വന്തമാക്കി. ഭക്തി നിർഭരമായ വിധത്തിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കാനും ആരാധനാഗീതങ്ങൾ ഇമ്പമായി ആലപിക്കാനും അച്ചൻ താല്പര്യം കാട്ടിയിരുന്നു. നർമ്മമധുരമായി അനുഭവകഥകൾ വിവരിക്കാനും സൗഹൃദം പങ്കിടാനും അച്ചന് ഉത്സാഹമായിരുന്നു.

വൈദിക പരിശീലനകാലത്ത് ഗുണപാഠ കഥകൾ പറഞ്ഞും ഗാനങ്ങൾ ശ്രുതിമധുരമായി ചൊല്ലിയും കുമ്പഴ ഇടവകയിലെ കുട്ടികൾക്ക് വേദപാഠക്ലാസ്സുകൾ എടുത്തിരുന്ന ബ്രദർ ജോഷ്വായെ ഓർമ്മിക്കുന്നു, എന്റെ സഹധർമ്മിണി. അവൾ പ്രാഥമിക വിദ്യാഭ്യാസം നിർവ്വഹിച്ചത് കുമ്പഴ വെട്ടൂർ സ്കൂളിലാണ്. പുനരൈക്യപ്രസ്ഥാനത്തിന്റെ കരുത്തനായ ആദ്യകാല വൈദികരിൽ അവിസ്മരണീയനായ പീലിപ്പോസ് മേടയിൽ അച്ചന്റെ (കുമ്പഴ അച്ചൻ) കൊച്ചുമകൾ എന്ന നിലയ്ക്ക് പള്ളിയിലും പള്ളികൂടത്തിലും അവൾക്ക് ചെറിയൊരു മുൻഗണന ഉണ്ടായിരുന്നു. അക്കാലത്തെ അദ്ധ്യാപകരിൽ നല്ല ഓർമ്മകൾ നില നിർത്തുന്നു ജോഷ്വാ ബ്രദർ.



പുനരൈക്യ പ്രസ്ഥാനം വെല്ലുവിളികൾ നേരിട്ട കാലഘട്ടം. മലങ്കരസഭയുടെ ചരിത്രത്തിൽ ഒരു പുതുയുഗത്തിന് നാന്ദി കുറിച്ച മാർ ഈവാനിയോസ് തിരുമേനിയെ ഒറ്റപ്പെടുത്താനും സഭാപ്രവർത്തനങ്ങൾക്ക് തടയിടാനും ഒട്ടേറെ ശ്രമങ്ങൾ നടന്നു. അഭിവന്ദ്യ തിരുമേനിയുടെ പിന്നിൽ അണിനിരന്ന്

www.malankaralibrary.com



ഏതു സാഹസികതയ്ക്കും സന്നദ്ധരായി ദൈവജനം മുന്നിട്ടിറങ്ങിയത് കുമ്പഴയിലാണ്. മാർ ഈവാനിയോസ് പിതാവിന്റെ വലംകൈ ആയി നിന്ന് പുനരൈക്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ കുമ്പഴ അച്ചന്റെ വീരകഥകൾ കേട്ട് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. പള്ളികൾ സ്ഥാപിക്കുന്നതിലും ശവസംസ്കാര കർമ്മങ്ങൾ നടത്തുന്നതിലും ശക്തമായ എതിർപ്പുകൾ തരണം ചെയ്യേണ്ടിവന്നു. ആ ഘട്ടങ്ങളിലൊക്കെ ഇടറാതെ നിലകൊണ്ടവരാണ് ജോഷ്വാ അച്ചന്റെയും അതുപോലെ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ തോമസ് മരുതൂർ അച്ചന്റെയും കുടുംബക്കാർ.

ജോഷ്വാ അച്ചന്റെ വൈദിക ജീവിതം രൂപപ്പെടുത്തുകയും സേവനോത്സുകം ആക്കിത്തീർക്കുകയും ചെയ്തതാണ് ഈ ജീവിത പശ്ചാത്തലം. താൻ നിയോഗിക്കപ്പെട്ട അമ്പിളികോണം, മാമ്പറ, പുനലൂർ, തണ്ണിത്തോട്, കുമ്മല്ലൂർ, കാർമ്മല തുടങ്ങിയ പ്രദേശങ്ങളിൽ ദൈവസ്നേഹം പ്രസരിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ജീവിതം സംഗീതം പോലെ സുന്ദരവും കാലുഷ്യരഹിതവുമായി അദ്ദേഹം കാത്തു സൂക്ഷിച്ചു. ഓർമ്മകളിൽ ഒളിമങ്ങാതെ നില്ക്കുന്ന ചൈതന്യമാർന്ന മുഖം, വിനയാന്വിതമായ പെരുമാറ്റം, സ്നേഹസ്പർശമാർന്ന ഇടപെടലുകൾ, എല്ലാറ്റിലും ഉപരി നല്ല ദൈവാശ്രയത്വം; ജോഷ്വാ തെക്കേച്ചരുവിലച്ചനെ ഞാൻ വീണ്ടും കാണുകയാണ്. സജീവമായ അനുഭവങ്ങൾ വീണ്ടും ഉണരുകയാണ്.

ജോഷ്വാ അച്ചന്റെ ഇരുപത്തിയഞ്ചാം ചരമവാർഷികത്തിൽ ആ പാവന സ്മരണ നിലനിർത്താൻ ഒരു കുരിശ്ശടി നിർമ്മിക്കുന്നതറിഞ്ഞ് പ്രത്യേകം സന്തോഷിക്കുന്നു. മഹത്തായ ഒരു സാന്നിദ്ധ്യത്തെ അടയാളപ്പെടുത്തുന്നതാണ് കുരിശ്ശടി. അതിനു മുന്നിലൂടെ കടന്നുപോകുന്നവർ ഭക്തിപൂർവ്വം ശിരസ്സു നമിക്കുമ്പോൾ ജാതിമതഭേദമെന്യേ സർവ്വജനങ്ങളെയും ദൈവാശ്രയത്വത്തിൽ വിനീതരാക്കാൻ ഇടനല്കും. നാടിന്റെ ആദ്ധ്യാത്മികതയിൽ പുതിയ ഉണർവ്വായി, പുണ്യ സാന്നിദ്ധ്യമായി, ഈ കുരിശ്ശടി നിലനില്ക്കട്ടെ എന്നാ ണ് എന്റെ പ്രാർത്ഥന. പ്രിയപ്പെട്ട ജോഷ്വാ തെക്കേച്ചരുവിലച്ചന്റെ സ്മരണ ദൈവജനത്തിന് അനുഗ്രഹകരമായി തീരട്ടെ എന്നും ഞാൻ ആശംസിക്കുന്നു.







# ഒരു തിരിഞ്ഞുനോട്ടം

**വറുഗീസ് തെക്കേച്ചരുവിൽ**

തെക്കേച്ചരുവിൽ കുടുംബം ഓർത്തഡോക്സ് സഭയിൽ വിശ്വസിച്ചു നിന്നെങ്കിലും കർത്താവിന്റെ പന്ത്രണ്ട് അപ്പോസ്തലന്മാരിൽ പ്രഥമനും പ്രധാനിയുമായി വി. പത്രോസിന്റെ പിൻഗാമിത്വം പേറുന്ന പരി. മാർപ്പാപ്പയാൽ ഭരിക്കപ്പെടുന്ന കത്തോലിക്കാസഭയാണ് യഥാർത്ഥ സത്യവിശ്വാസ സഭയെന്ന് തിരിച്ചറിഞ്ഞ് മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യസഭയിൽ അംഗങ്ങളായി. ഏതാനും ഇടവകക്കാരോടൊപ്പം ഞങ്ങളുടെ അപ്പച്ചൻ തെക്കേച്ചരുവിൽ ജോസഫും അമ്മച്ചി മറിയാമ്മയും മക്കൾ കുഞ്ഞമ്മ, കുഞ്ഞപ്പി, തങ്കച്ചൻ, പൊടിയമ്മ, കൊച്ചുണ്ണൂണ്ണി, കുഞ്ഞച്ചൻ എന്നിവരെയും ബ. കുമ്പഴയച്ചൻ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവകയിലേക്ക് പുനരൈക്യപ്പെടുത്തി. അന്നു മുതൽ ദേവാലയ കാര്യങ്ങളിൽ അത്യന്തം ഉണർവ്വോടും ഉത്സാഹത്തോടും കൂടിയാണ് ഞങ്ങൾ ഇടപെട്ടുപോരുന്നത്. നോമ്പുകാലങ്ങളിലും മറ്റും വീട്ടിൽ ആയിരിക്കുന്നതിനേക്കാൾ ഏറെ സമയം ഞങ്ങൾ പള്ളിയിലാണ് ചെലവഴിച്ചിരുന്നത്.

അങ്ങനെയിരിക്കേ മാർ ഈവാനിയോസ് പിതാവും ചേപ്പാട്ടു പീലിപ്പോസ് റമ്പാച്ചനും കൂടി കുമ്പഴയിൽ വന്ന് ഒരാഴ്ച താമസിച്ചു. അപ്പച്ചനായിരുന്നു അന്നത്തെ പള്ളിട്രസ്റ്റി. അന്ന് ബാലനായ കുഞ്ഞച്ചൻ എന്ന എന്റെ അനുജൻ ഞങ്ങളുടെ കൂടെ പള്ളിപ്പരിസരത്തു തന്നെ ഉണ്ടായിരുന്നു. അപ്പച്ചനോട് കുഞ്ഞച്ചൻ അന്ന് ഇങ്ങനെ പറഞ്ഞു, “ഞാൻ തിരുമേനിയുടെ പട്ടം

www.malankaralibrary.com



കട്ടെടുക്കും." വിവരമറിഞ്ഞ മാർ ഈവാനിയോസ് തിരുമേനി ബാലനായ കുഞ്ഞച്ചനോട് ചോദിച്ചു. "അതെങ്ങനാടാ മോനേ എടുക്കുന്നത്?" ബാലൻ സധൈര്യം തിരുമേനിയോട് തന്റെ പദ്ധതികൾ വിവരിച്ചു.

"തിരുമേനി മുറിയിൽ നിന്നും പുറത്തുപോകുമ്പോൾ ഞാൻ മുറിയിൽ കയറി കട്ടിലിന്റെ കീഴിൽ ഒളിച്ചിരിക്കും. തിരുമേനി മുറിയിൽ തിരിച്ചുവന്ന് ഉറങ്ങാൻ കിടക്കത്തില്ലേ? ആ സമയത്ത് ഞാൻ തിരുമേനിയുടെ പട്ടം മോഷ്ടിച്ചുകൊണ്ട് ഓടും."

ആ ബാലൻ വളർന്നു. അല്ല; ദൈവം വളർത്തി. തമ്പുരാന്റെ കരം ആ കുഞ്ഞിനോടൊപ്പം ഉണ്ടായിരുന്നു. ദൈവത്തിനു പ്രീതികരമായ കാര്യങ്ങളിൽ വ്യാപരിക്കുവാനായിരുന്നു ചെറുപ്പം മുതൽ ഉത്സാഹം. അൾത്താരാ ശുശ്രൂഷകനായി പിന്നീട് സേവനം ചെയ്തു. ആദ്ധ്യാത്മികതയിലേക്കു ചാഞ്ഞു വളർന്നിരുന്ന ബാലൻ, സ്വാഭാവിക പരിണതിയെന്ന വിധത്തിൽ സെമിനാരിയിൽ ചേർന്നു. സമർപ്പിതജീവിതം പുഷ്കലമാക്കി. ആചാര്യശുശ്രൂഷയിൽ 19 വർഷം സേവനം ചെയ്യുന്നതിനു മാത്രമേ കഴിഞ്ഞുള്ളൂ എങ്കിലും ആ ജീവിതം പ്രകാശപൂരിതമായിരുന്നു. 49-ാം വയസ്സിൽ കുമ്മല്ലൂർ (കൊല്ലം) പള്ളിയിലിരിക്കേ രോഗശയ്യയിലാണെന്നറിഞ്ഞ് വീട്ടുകാർ ഓടിച്ചെല്ലുകയുണ്ടായി. അപ്പോൾ നല്ല ബോധത്തോടെ ഞങ്ങളോടു സംസാരിച്ചിരുന്നു. അതു കഴിഞ്ഞ് മെഡിക്കൽ കോളേജിലേക്കു മാറ്റി. യാത്രാമദ്ധ്യേ കൂടെയുണ്ടായിരുന്ന ഞങ്ങളോടു ബ. അച്ചൻ പറഞ്ഞു. "വണ്ടി തണലിൽ നിർത്തിയിട് നിങ്ങൾ കാപ്പി കുടിച്ചിട്ടു വരൂ". വളരെ വേഗം മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ആപ്പോഴേക്കും ആ ആചാര്യന്റെ ആത്മാവ് നിത്യപുരോഹിതനായ ക്രിസ്തുനാഥന്റെ തിരുസന്നിധിയിലേക്ക് പറന്നുപോയിരുന്നു. ദുഃഖപൂരിതരായ ഞങ്ങൾ ഭൗതികശരീരവുമായി കുമ്പഴയിലെത്തി. നാനാ ദേശങ്ങളിൽ നിന്നുള്ള അനേകായിരങ്ങളുടെ ബാഷ്പാഞ്ജലികളോടെ കുമ്പഴ കത്തോലിക്കാപള്ളിയിൽ ഒരുക്കപ്പെട്ട കല്ലറയിൽ ആ നല്ലിടയന്റെ ഗാത്രം സംസ്കരിക്കപ്പെട്ടു. ഒരു ദുഃഖം മാത്രം അവശേഷിക്കുന്നുണ്ട്. മരണനേരത്ത് മൂത്ത സഹോദരങ്ങളായ ഞങ്ങൾക്ക് അടുത്തിരിക്കുവാൻ, ഒന്നു പ്രാർത്ഥിക്കുവാൻ സാധിച്ചില്ലല്ലോ എന്ന ദുഃഖം. എങ്കിലും ഞങ്ങൾക്കുവേണ്ടി നിത്യവും പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ബ. അച്ചനെ ഞങ്ങളെല്ലാവരും ആത്മാവിൽ ദർശിച്ചുകൊണ്ടിരിക്കുന്നു.






www.malankaralibrary.com

## അന്ത്യയാത്രാ രംഗങ്ങൾ



ദുഃഖനിമഗ്നരായ
സഹവൈദികരും
ജനാവലിയും






സഭാപിതാക്കന്മാരും വൈദികസമൂഹവും


www.malankaralibrary.com





ബാഷ്പാഞ്ജലിയോടെ
ബന്ധുജനങ്ങൾ

## അന്ത്യയാത്രാ രംഗങ്ങൾ



ഗ്രിഗോറിയോസ് പിതാവിന്റെ സമാശ്വാസ വചസ്സുകൾ

www.malankaralibrary.com



മണ്ണിൽ നിന്നും വിണ്ണിലേക്ക്











# പ്രകാശമേ നയിച്ചാലും

ജയിംസ് ജോസഫ് തെക്കേച്ചെരുവിൽ

കാലം കാൽ നൂറ്റാണ്ടിലധികം പിന്നിട്ടിട്ടും ഇന്നലെയെന്നോണം ആ വാക്കുകൾ എന്റെ മനസ്സിലുണ്ട്; "അച്ചായാ ഇത് ഞാൻ കർത്താവിനു കണക്കു കൊടുക്കേണ്ട കാര്യമാ". സംഭവം എന്താണെന്നോ? അച്ചനപ്പാപ്പൻ (ബഹു. ജോഷ്വാ തെക്കേച്ചെരുവിലച്ചൻ) തണ്ണിത്തോട്ടിലിരുന്ന കാലത്താണെന്നു തോന്നുന്നു. കൊച്ചപ്പച്ചൻ എന്തോ ആവശ്യവുമായി ചെന്നു. അപ്പോൾ അച്ചനപ്പാപ്പൻ കൊടുത്ത മറുപടിയാണിത്. കുടുംബം പൊതുവെ കഷ്ടപ്പാടുകളിലൂടെ കടന്നുപോയിരുന്ന സമയമായിരുന്നുവെങ്കിലും പൊതു സ്വത്തിൽ നിന്ന് ഒരു തുട്ടുപോലും കുടുംബസഹായം എന്ന പേരിൽ എടുക്കാൻ അച്ചനപ്പാപ്പൻ താല്പര്യം കാണിച്ചിരുന്നില്ല എന്നത്, അച്ചന്റെ ഏറ്റവും വലിയ ഒരു മാതൃകയായി ഇന്നും ഞങ്ങൾ കാണുന്നു. സേവനം ചെയ്തിരുന്ന ഇടവകകളിലൊക്കെയും ഏതു രീതിയിലുള്ള വരുമാനമായാലും സ്വന്തം ചെലവുകൾ കഴിഞ്ഞുള്ളത് അവിടുത്തെ ജനങ്ങൾക്കിടയിൽ ചെലവാക്കാനാണ് അച്ചനപ്പാപ്പൻ എപ്പോഴും ശ്രമിച്ചിരുന്നത്. അതിനാൽതന്നെ പ്രവർത്തിച്ചിട്ടുള്ള എല്ലാ ഇടവകകളിലും ഇടവകാംഗങ്ങളുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റാൻ അച്ചനപ്പാപ്പനു സാധിച്ചിരുന്നു. സത്യസന്ധമായി ഇടവകകളിലെ കണക്കുകൾ അരമനയിൽ കൊടുക്കുന്നതിൽ അച്ചൻ ഒരു വീഴ്ചയും വരുത്തിയിരുന്നില്ല.

www.malankaralibrary.com

സമകാലീനരായ മറ്റ് വൈദികർക്കും അച്ചനെപ്പറ്റി നല്ല അഭിപ്രായമായിരുന്നു എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അച്ചനപ്പാപ്പന്റെ മരണശേഷമുള്ള ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. 1987-ൽ തമിഴ്നാട്ടിൽ ഞാൻ പഠിപ്പിച്ചുകൊണ്ടിരുന്ന കോളജിലെ അംഗീകാരം സംബന്ധമായ കാര്യത്തിനായി ഞാനും സജീവച്ചനുംകൂടി മദ്രാസിൽ എത്തി. സജീവച്ചൻ അന്ന് മുക്കംപാലയിൽ ആയിരുന്നു. അഭിവന്ദ്യ പിതാവ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ആയിരുന്നു അന്ന് പള്ളിയിലെ വികാരിയച്ചൻ. ഞങ്ങൾ അച്ചനെ ചെന്നു കണ്ടു. അച്ചൻ ഞങ്ങളെയും കൂട്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ വന്ന് ഞങ്ങൾക്ക് വേണ്ട എല്ലാ സഹായവും ചെയ്തു തന്നു. ഞങ്ങൾ നന്ദിപറഞ്ഞപ്പോൾ ബഹു. അച്ചൻ മറുപടി പറഞ്ഞത് ഇങ്ങനെയാണ്. "ജോഷ്വാച്ചനെ ഓർക്കുമ്പോൾ നിങ്ങൾക്കുവേണ്ടി ഇത് ചെയ്യാതിരിക്കാൻ എനിക്കു സാധിക്കുകയില്ല."

അച്ചനപ്പാപ്പൻ കുമ്മല്ലൂർ വികാരിയായി സേവനം അനുഷ്ഠിക്കുന്ന കാലത്ത് ഒരു ഞായറാഴ്ച രാവിലെ ഞാൻ അവിടെയെത്തി. വി. കുർബ്ബാന തുടങ്ങിയിരുന്നു. വി. കുർബ്ബാനയ്ക്കുശേഷം എല്ലാ ഇടവകാംഗങ്ങളെയും ഇരുത്തി നമസ്കാരത്തിന്റെ പാട്ടു പഠിപ്പിക്കുന്നത് എന്നെ അതിശയിപ്പിച്ചു. കാരണം ഒരാളുപോലും എഴുന്നേല്ക്കാതെ അതിൽ സംബന്ധിച്ചു. ഇന്നത്തെ കാലത്താണെങ്കിൽ വി. കുർബ്ബാനയ്ക്കുശേഷമുള്ള അറിയിപ്പുകൾ കേൾക്കാനോ, കൈമുത്താനോ ഒന്നും മിനക്കെടാൻ പലർക്കും സമയമില്ല. എന്തിനധികം, കുർബ്ബാന മദ്ധ്യേയുള്ള പ്രസംഗംപോലും അല്പം നീണ്ടുപോയാൽ ഭള്ളു പറയുന്നവരെ ഞാൻ കണ്ടിട്ടുണ്ട്. അച്ചനപ്പാപ്പന്റെ ചൊല്ലുകൾ ആളുകളെ പിടിച്ചിരുത്താൻ പോന്നവിധം ഭക്തിസാന്ദ്രവും കേൾവിക്ക് അത്യധികം ഇമ്പമുള്ളതുമായിരുന്നു.

ആ കാലയളവിൽ കുമ്മല്ലൂരിൽ അച്ചനപ്പാപ്പന്റെ കൂടെ ഉണ്ടായിരുന്ന വൈദികൻ ബഹു. കോന്നാത്ത് അച്ചൻ (ഇപ്പോഴത്തെ അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി) ആയിരുന്നു. അന്ന് കുമ്മല്ലൂർ വച്ചാണ് അഭിവന്ദ്യ പിതാവിനെ ഞാൻ ആദ്യമായി പരിചയപ്പെടുന്നത്.

കലാകായിക രംഗങ്ങളിലും അച്ചനപ്പാപ്പന് താല്പര്യം ഉണ്ടായിരുന്നു. 1981-ലെ ഓണകാലത്ത് ഞാൻ കുമ്മല്ലൂർ ചെന്നപ്പോൾ അച്ചനപ്പാപ്പൻ പറഞ്ഞു. "ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടു ഇടവകകളിലെ വോളിബോൾ ടീമുകൾ തമ്മിൽ മത്സരമുണ്ട്. നമുക്കു പോകണം" എന്ന്. എനിക്കു താല്പര്യം ആയി. പക്ഷേ സമയമായപ്പോൾ അച്ചനപ്പാപ്പന് എന്തോ ആരോഗ്യപ്രശ്നമുണ്ടാകുകയും എന്നെ ഡ്രൈവറുടെകൂടെ അയയ്ക്കുകയും



ചെയ്തു. സ്പോർട്സിൽ ഉള്ള താല്പര്യം പോലെതന്നെ ആയോധന കലയിലും അച്ചനപ്പാപ്പന് താല്പര്യം ഉണ്ടായിരുന്നു. അച്ചനപ്പാപ്പന് ചില മുറകളൊക്കെ അറിയാമായിരുന്നുവെന്നും ചില സന്ദർഭങ്ങളിൽ പ്രയോഗിച്ചിട്ടുണ്ടെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. ഞാൻ കരാട്ടേ പഠിക്കുന്നുണ്ടെന്നറിഞ്ഞ് എന്നെ അഭിനന്ദിച്ചത് ഞങ്ങളുടെ കുടുംബത്തിൽ അച്ചനപ്പാപ്പൻ മാത്രമായിരുന്നു.

ഞങ്ങളുടെ കുട്ടിക്കാലത്ത് അച്ചനപ്പാപ്പൻ വീട്ടിൽ വരുന്നു എന്ന് കേൾക്കുന്നതുതന്നെ ഒരു ഉത്സവ പ്രതീതി ഉളവാക്കുന്ന അനുഭവമായിരുന്നു. അച്ചനപ്പാപ്പനെ അത്രമാത്രം എല്ലാവർക്കും സ്നേഹമായിരുന്നു. ഞങ്ങളുടെ കുടുംബത്തിൽ എല്ലാവരെക്കാളും സുന്ദരനും അച്ചനപ്പാപ്പൻ തന്നെയായിരുന്നു. അച്ചന്റെ പുഞ്ചിരിക്കുന്ന മുഖമുള്ള വലിയൊരു ഫോട്ടോ കുടുംബവീട്ടിലുണ്ട്. അതുനോക്കി അച്ചന്റെ രൂപം വരയ്ക്കാൻ ശ്രമിച്ചതും പിന്നീട് ആ വരച്ച ഫോട്ടോ കണ്ട് അച്ചനപ്പാപ്പൻ എന്നെ അഭിനന്ദിച്ചതും മായാത്ത ഓർമ്മകളായി അവശേഷിക്കുന്നു

വീട്ടിൽ ഓരോരുത്തർക്കും ഏറ്റവും പ്രിയപ്പെട്ട വ്യക്തിയായിരുന്നു അച്ചനപ്പാപ്പൻ. കുടുംബത്തിലുണ്ടാകുന്ന ചില്ലറ പ്രശ്നങ്ങൾപോലും രമ്യതയിലെത്തിക്കാനുള്ള അച്ചനപ്പാപ്പന്റെ കഴിവ് അപാരമായിരുന്നു. അക്കാരണത്താൽ തന്നെ ഞങ്ങളെല്ലാവരും ഒറ്റവീട്ടിലെ ആൾക്കാരെന്ന രീതിയിലാണ് വളർന്നുവന്നത്. എട്ടുപത്തു കുട്ടികൾ ഒരുമിച്ചു താമസിക്കുമ്പോൾ ഉള്ള അനുഭവം ഒരു പ്രത്യേകത തന്നെയായിരുന്നു.

എല്ലാവരെയും വല്ലാതെ പിടിച്ചുലച്ച അനുഭവമായിരുന്നു അച്ചനപ്പാപ്പന്റെ അകാലത്തിലുള്ള മരണം. ഒരു തരത്തിലുള്ള ശൂന്യതാനുഭവം. ഞങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുവാൻ കുമ്പഴ ഇടവകയിൽ നിന്നുമുള്ള എല്ലാ ആളുകളും എത്തിയിരുന്നു. കൂടാതെ അച്ചനപ്പാപ്പൻ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുള്ള എല്ലാ ഇടവകകളിൽ നിന്നുമുള്ള ആളുകൾ എത്തിയിരുന്നു. അവരെ എല്ലാവരെയും സ്നേഹത്തോടും നന്ദിയോടുംകൂടെ ഓർക്കുന്നു. ഇതെഴുതി നിർത്തുമ്പോഴും അച്ചനപ്പാപ്പന്റെ മുഖത്തെ മായാത്ത പുഞ്ചിരി മനസ്സിൽ തങ്ങി നില്ക്കുന്നു, മാർഗ്ഗപ്രദീപമായ് നക്ഷത്രപ്രഭപോലെ.



www.malankaralibrary.com



# ഞങ്ങൾ കണ്ടിട്ടില്ലാത്ത ഞങ്ങളുടെ അച്ചനപ്പച്ചൻ

എൻജലാ എസ്തർ ജോസഫ്

അച്ചനപ്പച്ചനെ ഞങ്ങൾ കണ്ടിട്ടില്ല. ഞങ്ങൾ എന്നു പറഞ്ഞാൽ തെക്കേച്ചരുവിൽ വീട്ടിലെ കൊച്ചുമക്കൾ, ജോഷ്വാ അച്ചന്റെ ജേഷ്ഠാനുജന്മാരുടെ കൊച്ചുമക്കൾ. ഞങ്ങൾ എല്ലാവരുംകൂടി 21 കൊച്ചുമക്കളുണ്ട്. എന്നാൽ ഞങ്ങളിൽ ആരും തന്നെ അച്ചനപ്പച്ചനെ കണ്ടിട്ടില്ല. ഞങ്ങളിൽ ഏറ്റവും മൂത്ത ഷിബുചേട്ടനും ഷീജചേച്ചിയും വളരെ ചെറുതായിരുന്നപ്പോൾ കണ്ടിട്ടുണ്ടാവും. എന്നാൽ അവർക്കു പോലും കണ്ട ഓർമ്മയുണ്ടാവില്ല.

എന്നുവച്ച് അച്ചനപ്പച്ചനെ ഞങ്ങൾക്ക് അറിയില്ല എന്നു കരുതരുത്. ഞങ്ങൾക്കെല്ലാവർക്കും സുപരിചിതനാണ് ഞങ്ങളുടെ അച്ചനപ്പച്ചൻ. അത്രമാത്രം ഞങ്ങൾ കേട്ടിട്ടുണ്ട്. ഞങ്ങളുടെ അപ്പച്ചന്മാരും അമ്മച്ചിമാരും അപ്പമാരും അമ്മമാരും അപ്പാപ്പിമാരും മാമിമാരും ഒക്കെ പറഞ്ഞ്. അവർക്കെല്ലാം നൂറു നാവാണ് അച്ചനപ്പച്ചനെപ്പറ്റി പറയുമ്പോൾ. പലപ്പോഴും തോന്നിയിട്ടുണ്ട് അച്ചനപ്പച്ചനെ ഒന്നു കാണാൻ പറ്റിയിരുന്നെങ്കിലെന്ന്. കാരണം അത്രയ്ക്കുണ്ട് അച്ചനപ്പച്ചന് സ്നേഹം, വാത്സല്യം, കരുതൽ ഒക്കെ എന്ന് എല്ലാവരും പറഞ്ഞ് കേട്ടിട്ടുണ്ട്. അപ്പോൾ തോന്നി മക്കളോട് അത്ര സ്നേഹമുള്ള അച്ചനപ്പച്ചന് കൊച്ചുമക്കളോട് എത്രയധികം ഉണ്ടാകുമായിരുന്നു.

വീട്ടിലുള്ളവർ മാത്രമല്ല, മറ്റു സ്ഥലങ്ങളിൽ, ആശ്രമങ്ങളിൽ, മഠങ്ങളിൽ, പള്ളികളിൽ ഒക്കെ ചെല്ലുമ്പോഴും അച്ചനപ്പച്ചനെപറ്റി സംസാരിക്കുമ്പോൾ അവരുടെയെല്ലാം കണ്ണുകളിൽ തിളക്കവും സ്നേഹവും തിരതല്ലുന്നത് കാണാം. വളരെയധികം സ്നേഹവും ബഹുമാനവും അവരുടെ വാക്കുകളിൽ സ്ഫുരിച്ചിരുന്നു. ആ അച്ചനപ്പച്ചന്റെ കൊച്ചുമക്കളിൽ ഒരാളായതിൽ അഭിമാനം തോന്നും.



അച്ചനപ്പച്ചൻ വലിയ പാട്ടുകാരനായിരുന്നത്രേ. പള്ളികളിലും മഠങ്ങളിലും ഒക്കെ അച്ചനപ്പച്ചൻ പാട്ടു പഠിപ്പിക്കാൻ പോകുമായിരുന്നു. വളരെ ഇമ്പമായ ശബ്ദത്തിലുള്ള പാട്ടുകളും വി. കുർബ്ബാനയും അർപ്പിച്ചിരുന്ന അച്ചനപ്പച്ചന്റെ ഹാശാ ആഴ്ചയിലെയും മറ്റും ശുശ്രൂഷകൾ ആളുകളെ കരയിപ്പിച്ചിരുന്നത്രേ. വിശ്വാസികളെ ആത്മീയതയുടെ നിറവിലേക്ക് നയിക്കാനും ഈശോയുടെ പീഡാനുഭവത്തിൽ ഒത്തുചേർക്കുവാനും അച്ചനപ്പച്ചനു കഴിഞ്ഞിരുന്നു.

ഇനി കുറച്ച് വീട്ടുകാര്യം... ഇടയ്ക്കിടെ അവധി സമയത്ത് അച്ചനപ്പച്ചൻ ആലുവ സെമിനാരിയിൽ നിന്നും വീട്ടിൽ വരുമായിരുന്നു. ആ വരവ് മുൻകൂട്ടി അറിയിച്ചിരിക്കും. വീട്ടിൽ അന്ന് കുട്ടികളായ ഞങ്ങളുടെ അപ്പമാർക്കും മാമിമാർക്കും അന്ന് ഉത്സവപ്രതീതിയാണ്. അച്ചനപ്പച്ചന്റെ വരവുംകാത്ത് അവരെല്ലാവരും നോക്കിയിരിക്കുമായിരുന്നു. വരുമ്പോൾ എല്ലാവർക്കും കൈ നിറയെ ചോക്ലേറ്റും കരുതിയാണ് വരവ്. പിന്നെ എല്ലാവരും കൂടെ അച്ചനപ്പച്ചന്റെ ചുറ്റും കൂടും. കഥയും പാട്ടും കേൾക്കാനും പുതിയപുതിയ പാട്ടുകൾ പഠിക്കാനും. സോക്സ് ഊരി നല്ല വെളുത്ത കാലുകൾ നീട്ടി വച്ച് ഇരിക്കുന്ന അച്ചനപ്പച്ചന്റെ കാലു തടവാൻ ചുറ്റും കൂടിയിരിക്കുന്ന കുട്ടിപ്പട മത്സരമാണ്. അച്ചനപ്പച്ചന്റെ ഏറ്റവും പ്രിയങ്കരർ ആകാനുള്ള മത്സരം.



ഈ കാര്യങ്ങളെല്ലാം പറഞ്ഞു കേട്ടുള്ള അറിവാണ്. അച്ചനപ്പച്ചനെ കാണാനും ആ വാത്സല്യം അനുഭവിക്കുവാനും കഴിഞ്ഞില്ലല്ലോ എന്ന് പലപ്പോഴും തോന്നാറുണ്ട്. എന്നാലും അച്ചനപ്പച്ചന്റെ മരണശേഷം "showers of blessings" ഈശോ തന്നിട്ടുണ്ട് എന്ന് അപ്പ പറഞ്ഞു കേട്ടിട്ടുണ്ട്. അതെ, ഞങ്ങളുടെ അച്ചനപ്പച്ചൻ ഞങ്ങൾക്ക് മാദ്ധ്യസ്ഥ്യം വഹിക്കുന്നു.

www.malankaralibrary.com



# The Heavenly Aster

Aleena Mariam Joseph

On a clear night when the sky was full of stars, I gazed up admiring the beauty of nature. I was sitting all alone on our terrace and wondered how beautifully God has adorned the sky and nature with His outstanding architecture. No doubt, man's toil for thousands of years can never make the earth lovelier than His works.

I stared up to the sky and I saw a pretty star brighter than others. And it winked its blue eyes at me and it looked familiar to me. Then I could hear a divine melody and I realized shortly that it was some hymn by the choirs of seraphs.

I saw the star becoming more lustruous and it glowed brighter. Its rays reached my eyes like strong shining swords...

I saw it coming closer to me and I could feel the presence of someone very clear. I saw bright, white long cassock. The face was gracious and it resembled that of the photo we have in our dining room. And I realized that it was our dearest Achanappachen's. He gently placed his fair soft hands on my cheeks and gave a gorgeous smile. I was overjoyed but I couldn't speakout, eventhough I wanted to talk much. I was astonished but I wanted to show Achanappachen to my sister and brother. I darted down the stairs and reached my room and tried to wake my dear ones, telling; "Hey....get up...getup..dude.. see.... see... who has come... see.... we have never seen him before, don't just waste time. Get up".

Suddenly I felt some sharp throabbing pain on my hand and I opened my eyes wide. I saw my sister kneeling right in front of me on my cot asking.... "Are you mad???? Why are you shouting so much and disturbing my sleep?? shut up and sleep tight, tomorrow morning you have to get up for Achanappachen's remembrance mass.





# ഒരു നോക്കു കാണാനായെങ്കിൽ...

ക്രിസ്റ്റീന പീറ്റർ തെക്കേച്ചരുവിൽ

ആയിരത്തിതൊള്ളായിരത്തി മുപ്പത്തിനാലിലെ ഒരു പ്രഭാതം, സാധാരണപോലെ മാലേത്ത് ജോസഫ് അച്ചന്റെ വീട്ടിൽ എല്ലാവരും പതിവുപോലെ തന്നെ ഉറക്കമുണർന്ന് അവരവരുടെ ജോലികളിൽ വ്യാപൃതരായി. മറിയാമ്മ അമ്മച്ചി നിറവയറുമായി അടുക്കളജോലികളിൽ മുഴുകി. ആ മുഖത്ത് തെല്ലും പരിഭവമില്ല. സമയത്ത് കാലത്ത് ആഹാരം ശരിയായില്ലെങ്കിൽ ഔസേപ്പച്ചന്റെ തനിനിറം കാണാം. ഉച്ചവരെയുള്ള ജോലികളെല്ലാം ഒരുവിധം ഒക്കെ ചെയ്തു തീർത്തു. തലേന്ന് പുഴുങ്ങിയ നെല്ല് ഉണങ്ങിക്കുത്താൻ ആരെയും കിട്ടാതെ വിഷമിച്ച് സ്വയം ആ ജോലിയും ഏറ്റെടുത്തു.

ദൈവത്തെ വിളിച്ചുകൊണ്ട് നെല്ലുകുത്ത് തുടങ്ങി; വയറൊന്ന് ആടി ഉലഞ്ഞതുപോലെ ഒരു തോന്നൽ. ആരും കാണാതെ അടുത്ത മുറിയിൽ കയറി വാതിലടച്ചു. നെല്ലുകുത്തിന്റെ ശബ്ദം കേട്ടുകൊണ്ടിരുന്ന ഔസേപ്പച്ചനും മക്കളും വോറൊരു ശബ്ദം കേട്ടു ഞെട്ടി. അതാ ഒരു കുഞ്ഞിന്റെ കരച്ചിൽ. മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന ഒസേപ്പച്ചന്റെ മറ്റ് പൈതങ്ങൾക്ക് ആദ്യം കാര്യം മനസ്സിലായില്ലെങ്കിലും പിന്നീട് ഒരു കളിക്കൂട്ടുകാരനെ കിട്ടിയ സന്തോഷം ആ മുഖങ്ങളിൽ പ്രകടമായിരുന്നു. ഔസേപ്പച്ചന്റെയും മറിയാമ്മ അമ്മച്ചിയുടെയും മനസ്സിൽ ഈ പൈതൽ ഒരു ദൈവപൈതലാണെന്നുള്ള ഉറച്ച

www.malankaralibrary.com

ബോദ്ധ്യം ഉണ്ടായി. പൈതൽ വളർന്ന് ദൈവിക വഴി തന്നെ തെരഞ്ഞെടുത്തു.

അങ്ങനെ ജോഷ്വാ തെക്കേച്ചരുവിൽ എന്ന നാമത്തിൽ വൈദിക പട്ടം സ്വീകരിച്ച ഞങ്ങളുടെ അച്ചനപ്പച്ചൻ മലങ്കരസഭയുടെ കരുത്തനും ധീരനുമായ ഒരു വൈദികനായിരുന്നു എന്ന് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. തന്റെ സഹപ്രവർത്തകരായ വൈദികർക്കും അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന ഇടവക ജനങ്ങൾക്കും എന്നും അച്ചനപ്പച്ചൻ പ്രിയങ്കരനായിരുന്നുവെന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അച്ചനപ്പച്ചൻ പറയുമായിരുന്ന പല്ലവി എന്റെ മുതിർന്നവരിൽ നിന്നും കേട്ട് എനിക്കും വളരെ ആവേശമായി തോന്നിയിട്ടുണ്ട്. "പട്ടിയെപ്പോലെ ആയിരം വർഷം ജീവിക്കുന്നതിനേക്കൾ ഭേദം സിംഹത്തെപ്പോലെ ഒരു ദിവസം ജീവിക്കുന്നതാണ്." എനിക്കറിയുവാൻ കഴിഞ്ഞിടത്തോളം അച്ചന്റെ ജീവിതം ഈ പല്ലവിയോട് ബന്ധപ്പെട്ടിരുന്നതായി തോന്നുന്നു. ദൈവത്തെ പേടിച്ചും മനുഷ്യരെ സ്നേഹിച്ചും ആയിരുന്നു ആ ജിവിതം.

അകാലത്തിൽ പൊലിഞ്ഞുപോയ ഞങ്ങളുടെ അച്ചനപ്പച്ചന്റെ ഫോട്ടോയിൽ മാത്രം കണ്ടിട്ടുള്ള ആ മുഖം ഒരു വട്ടമെങ്കിലും ഒന്ന് നേരിൽ കാണുവാൻ എന്റെ ഈ കൊച്ചുമനസ്സ് ഒരായിരം പ്രാവശ്യമെങ്കിലും കൊതിക്കുന്നു. 25-ാം ചരമവാർഷികം ആചരിക്കുന്ന ഈ വേളയിൽ ഞങ്ങളുടെ മാർഗ്ഗദീപമേ നിത്യതയിലിരുന്നുകൊണ്ട് ഞങ്ങളുടെ പ്രതിസന്ധികളിൽ ഒരു താങ്ങായിരിക്കണമേ എന്നപേക്ഷിച്ചുകൊണ്ട് ആ പാദങ്ങളിൽ ഞാനിതാ പ്രണമിക്കുന്നു.







# താണനിലത്തേ നീരോടൂ... അവിടേ ദൈവം തുണയേകൂ...

**മാത്യു വർഗീസ് തെക്കേച്ചരുവിൽ**

എന്റെ കുട്ടിക്കാലത്ത് ഒരു ദിവസം ഞാൻ എന്തോ ആവശ്യപ്പെട്ട് വഴക്കുണ്ടാക്കുകയായിരുന്നു. അപ്പോൾ അമ്മ പറഞ്ഞു "താണനിലത്തേ നീരോടൂ, അവിടെ ദൈവം തുണയേകൂ..." അങ്ങനെ പറഞ്ഞു കൊടുക്കു ചേട്ടത്തീ എന്നു പറഞ്ഞുകൊണ്ട് അച്ചനപ്പാപ്പൻ വീട്ടിലേക്കു വരുന്നത് ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നു.

എന്റെ ജീവിതത്തിൽ എന്നെ സ്വാധീനിച്ച ഒരു വ്യക്തിയായിരുന്നു ഞങ്ങളുടെ അച്ചനപ്പാപ്പൻ. എന്നും മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ശ്രദ്ധ കാണിച്ചിരുന്നു; പ്രത്യേകിച്ച് പാവപ്പെട്ടവരോട്. ഏതൊക്കെ ഇടവകകളിൽ പോയാലും അവിടെയുള്ള രണ്ടുമൂന്നു ആൺകുട്ടികളെയെങ്കിലും കൂടെ നിർത്തി പഠിപ്പിച്ച് ഒരു ജീവിതമാർഗ്ഗം കാണിച്ചുകൊടുക്കാൻ എന്നും താല്പര്യം കാണിച്ചിരുന്നു. അതുപോലെ തന്നെ ഏതുകാര്യത്തിലും തന്റേതായ അഭിപ്രായവും വ്യക്തിത്വവും ഉണ്ടായിരുന്നു. പലപ്പോഴും ഞങ്ങളോടു പറയുമായിരുന്നു, ഒരു ദിവസമേ ജീവിച്ചുള്ളൂ എങ്കിലും സിംഹത്തേപ്പോലെ ജീവിക്കണം; പട്ടിയേപ്പോലെ ജീവിക്കരുതെന്ന്. 49-ാം വയസ്സിൽ മരിക്കുമ്പോഴും തന്റെ സ്വർഗ്ഗീയ നാഥന് അടിമപ്പെട്ട് പൗരോഹിത്യത്തിന്റെ സത്ത ഉൾക്കൊണ്ട് സിംഹത്തേപ്പോലെ ജീവിച്ചു.

www.malankaralibrary.com

എന്റെ ജീവിതത്തിൽ ഏറെ വിഷമിപ്പിച്ച ഒന്നായിരുന്നു അച്ചനപ്പാപ്പന്റെ മരണം. മരിക്കുന്നതിന്റെ തലേദിവസം കുമ്മല്ലൂരിൽ (കൊല്ലം) ഞാൻ ഉണ്ടായിരുന്നു. പല അവസരങ്ങളിലും ഞാൻ അച്ചനപ്പാപ്പന്റെ കൂടെ താമസിച്ചിട്ടുണ്ടായിരുന്നെങ്കിലും അന്നു മാത്രമാണ് എന്നോടു പറഞ്ഞത്, മോനേ നീ ഇന്ന് എന്റെ മുറിയിൽ കിടന്നുറങ്ങിക്കോളൂ എന്ന്. ദേഹത്ത് വേദനയുണ്ടായിരുന്നതിനാൽ കാലിലും പുറത്തും നന്നായി തൈലം പുരട്ടി കൊടുത്തതിനുശേഷം പതിവില്ലാതെ പാതിരാത്രിവരെ വീട്ടുകാര്യം സംസാരിച്ചുകിടന്നു. അച്ചനപ്പാപ്പൻ ഞങ്ങളോടു കൂടിയുള്ള അവസാന രാത്രിയായിരുന്നുവെന്ന് ഓർക്കുമ്പോൾ വല്ലാത്ത വേദന തോന്നുന്നു.

കൊട്ടിയം ആശുപത്രിയിൽ ഞങ്ങൾ അടുത്ത് ചെല്ലുമ്പോൾ എനിക്ക് ഒന്നുമില്ലെന്നുപറഞ്ഞ് ഞങ്ങളെ ആശ്വസിപ്പിക്കാനാണ് ഉപ്പാപ്പൻ ശ്രമിച്ചത്. സ്വബോധത്തോടെ അന്ത്യകൂദാശ സ്വീകരിച്ചു. അവസാന സമയത്ത് ഞങ്ങൾ മക്കളെല്ലാവരും അടുത്തുണ്ടായിരുന്നു.

കൊട്ടിയത്തുനിന്നും തിരുവനന്തപുരം മെഡിക്കൽ കോളജിലെക്ക് കൊണ്ടുപോകുമ്പോഴും നല്ല ബോധം ഉണ്ടായിരുന്നു. ആറ്റിങ്ങലിൽ ചെന്നപ്പോൾ പറഞ്ഞു. “മോനേ നിങ്ങൾ വിശന്നിരിക്കുകയല്ലേ പോയി വല്ലതും കഴിച്ചിട്ടു വരൂ.” അച്ചനപ്പാപ്പന്റെ അവസാനവാക്കായിരുന്നു അത്. മരണസമയത്തുപോലും മറ്റുള്ളവരുടെ കാര്യത്തിലായിരുന്നു ശ്രദ്ധ.

1983 മെയ് 21 ന് 3.30 ന് ആ ശ്വാസം നിലച്ചപ്പോൾ ഞങ്ങൾക്ക് നഷ്ടപ്പെട്ടത് ഞങ്ങളുടെ കുടുംബത്തിന്റെ മാർഗ്ഗദർശിയായിരുന്നു. ഞങ്ങളുടെ എല്ലാ ഐശ്വര്യത്തിന്റെയും കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും പ്രചോദനം അച്ചനപ്പാപ്പനിൽ കൂടി പിന്തുടർന്നു വരുന്നു.

സ്വർഗ്ഗീയോർശ്ലേമിൽ ദൈവതിരുമുമ്പിൽ അച്ചനുപ്പാപ്പൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നുവെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്റെ ഏതു വിഷമഘട്ടത്തിലും അച്ചനുപ്പാപ്പന്റെ ഓർമ്മകൾ എനിക്കു കരുത്തേകുന്നു. ആ സ്മരണയുടെ ദീപം കെടാതെ എന്നും സൂക്ഷിക്കും.



“കാരുണ്യവാനായ കർത്താവേ, ഞങ്ങ
ളുടെ
അച്ചനുപ്പാപ്പനു നിത്യശാന്തി നല്കേ
ണമേ”





# പുഞ്ചിരിക്കുന്ന മുഖം

എം. റ്റി. ദാനിയേൽ മണിപ്പറമ്പിൽ

ഏതാണ്ട് അൻപത്തെട്ടുവർഷങ്ങൾക്കു പിന്നിലേക്ക് ഓർമ്മകൾ ചെന്നെത്തുകയാണ്. പഠനകാലം. ഞാനന്ന് മൈലപ്രാ സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥി. നിത്യവും രാവിലെ കുളിച്ചൊരുങ്ങി വീടിനു തൊട്ടു മുമ്പിലുള്ള പൊതു നിരത്തിലിറങ്ങി തെക്കോട്ടു നോക്കി ഞാനൊരു നില്പു നില്ക്കും. വണ്ടി കാത്തൊന്നുമല്ല. വണ്ടിയിലുള്ള യാത്ര അന്നൊരു അപൂർവ്വാനുഭവമായിരുന്നല്ലോ. സ്വന്തം കാലുകൾ വീലാക്കിയുള്ള നടരാജൻ വാഹനം മാത്രമാണ് അന്നു ശരണം. കാത്തു നില്പിന്റെ പൊരുൾ പിന്നെന്താണെന്നോ? കുമ്പഴദേശത്തുനിന്നും പഠിതാക്കളുടെ ഒരു പട, മൈലപ്രാ തിരുഹൃദയ ഹൈസ്കൂൾ ലക്ഷ്യമാക്കി പാഞ്ഞു വരും. അവർക്കൊപ്പം ചേർന്നു നടക്കാനുള്ള കാത്തു നില്പായിരുന്നു അത്.

കുമ്പഴക്കാരെ കൂടാതെ കടമ്മനിട്ട, മേക്കൊഴൂർ, കീക്കൊഴൂർ, ഉതിമൂട്, മണ്ണാരക്കുളഞ്ഞി, മലയാലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള ധാരാളം കുട്ടികളും നടന്നു വന്ന് ഹൈസ്കൂളിൽ പഠിച്ചിരുന്നു. കുമ്പഴ നിന്നുള്ള ചില വിദ്യാർത്ഥികളെ പൊതുവെ എല്ലാവർക്കും ഭയമായിരുന്നു. കുമ്പഴ മുട്ടന്മാർ എന്ന അപരനാമമാണ് സമൂഹം അവർക്കു നല്കിയിരുന്നത്. കുമ്പഴ മുട്ടന്മാരും കടമ്മനിട്ടക്കാരും തമ്മിൽ

www.malankaralibrary.com

അടിപിടി കൂടാത്ത ആഴ്ചകൾ ഉണ്ടായിട്ടില്ല. എത്രയോ തവണ, കടമ്മനിട്ട അച്ചനും മറ്റും രംഗം ശാന്തമാക്കാൻ സ്കൂളിൽ എത്തിയിട്ടുണ്ട്.

കുമ്പഴയിൽ നിന്നുള്ള സംഘത്തിൽ ഉയരംകുറഞ്ഞ് നന്നായി വെളുത്ത നിറമുള്ള സുമുഖനായ ഒരു ബാലനുണ്ടായിരുന്നു. സാത്വികഭാവം തികഞ്ഞ ആ പയ്യൻ ഊർജ്ജസ്വലനുമായിരുന്നു. സദാ ഒരു പുഞ്ചിരി ആ സുന്ദരവദനത്തിൽ പ്രകാശിച്ചു നിന്നിരുന്നു. യാതൊരു ശണ്ഠകളിലും ആ ബാലൻ ഉൾപ്പെട്ടിരുന്നില്ല. പല വിദ്യാർത്ഥികളും നിത്യവും വഴക്കിന്റെ പേരിൽ ഹെഡ്മാസ്റ്റർ ബ. തോമസ് കരിയിലച്ചന്റെ ശാസനകൾക്കും ശിക്ഷണങ്ങൾക്കും വിധേയരായി ക്ലാസ്സിനു പുറത്ത് നില്ക്കാൻ വിധിക്കപ്പെട്ടപ്പോഴും അത്തരം അപവാദങ്ങളിലൊന്നും ഒരിക്കലും ഉൾപ്പെടാതിരുന്ന ആ കിളരം കുറഞ്ഞ പയ്യൻ മറ്റാരുമായിരുന്നില്ല; ബഹു. ജോഷ്വാ തെക്കേച്ചരുവിലച്ചൻ തന്നെ.

പഠനത്തിലെന്നപോലെ കായികരംഗത്തും മികവു തെളിയിച്ച അദ്ദേഹത്തോട്, പ്രായത്തിൽ അഞ്ചുവർഷത്തെ ഇളപ്പമുണ്ടെങ്കിലും എനിക്ക് പ്രത്യേക മമതയും അടുപ്പവും തോന്നി. കായികമത്സരങ്ങളിലെ പല ഇനങ്ങളിലും ഞങ്ങൾ സമ്മാനിതരായതും ഓർക്കുന്നു. കലാലയപഠനാനന്തരം ദൈവവിളിയുടെ അനന്യമായ മധുരവാണി ആ ശ്രോത്രങ്ങളിൽ മുഴങ്ങി. കുടുംബാന്തരീക്ഷം സാമ്പത്തികപ്രതിസന്ധികളിൽപ്പെട്ടിരുന്നിട്ടും സമർത്ഥനായ അദ്ദേഹം ഭൗതിക നേട്ടങ്ങൾക്കുവേണ്ടിയല്ല, സ്വജീവിതം സമർപ്പിച്ചത്. കേവലം, മായാമരീചികയായ ഭൗമജീവിതത്തിനപ്പുറത്തുള്ള അനശ്വരതയിലേക്കാണ് ആ മിഴികൾ നീണ്ടുചെന്നത്.

പഠനകാലം കഴിഞ്ഞ് ബഹു. ജോഷ്വാച്ചനുമായി ഞാൻ അടുത്തിടപെട്ടത് അദ്ദേഹം പെരുനാട് മാമ്പാറപ്പള്ളിയുടെ വികാരിയായി അവരോധിതനായ കാലത്താണ്. സഭാത്മകമായ സംഘടനാ കാര്യങ്ങളുമായി ബന്ധപ്പെട്ട് പലപ്പോഴും ജോഷ്വാച്ചന്റെ പക്കൽ ഞാനെത്തിയിട്ടുണ്ട്. കണ്ടുമുട്ടുന്നവരോടെല്ലാം ഹൃദ്യമായ കരുതലോടെ സ്നേഹസംഭാഷണം നടത്തുന്നതിനും സുഹൃദ്ബന്ധം സ്ഥാപിക്കുന്നതിനുമുള്ള പ്രത്യേക സിദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു. കഴിവുകളുള്ളവരെ അംഗീകരിച്ചുയർത്തുവാനും അദ്ദേഹം ജാഗരൂകനായിരുന്നു. ഒരിക്കലും മായാത്ത മന്ദഹാസത്തോടെ ഏതു പ്രശ്നങ്ങളെയും അതിജീവിക്കുവാനുള്ള ഉൾക്കരുത്ത് അദ്ദേഹത്തിനു സ്വന്തമായിരുന്നു. പക്ഷേ, ഹ്രസ്വമായൊരു കാലഘട്ടത്തിലേക്കു മാത്രമുള്ള സേവനദീപ്തിയായിരുന്നു അത്. എങ്കിലും, പ്രവർത്തിച്ചകാലം നിർണ്ണായകമായിരുന്നു. ഈശ്വരസവിധത്തിലിരുന്ന് തുടർന്നും നന്മയുടെ സേവനം ആ ധന്യാത്മാവ് നമ്മിൽ വർഷിച്ചുകൊണ്ടിരിക്കുന്നു എന്നാണെന്റെ വിശ്വാസം.





**നിർമ്മാണപുരോഗതിയിൽ കുരിശ്ശടി**